## അദ്ധ്യായം VII

### ചെറുപ്രായത്തിലുള്ള ആളുകളുടെ നിയോജനം

67. ചെറുപ്രായത്തിലുള്ള കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്.—
തന്റെ പതിന്നാലാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടില്ലാത്ത യാതൊരു കുട്ടി
യോടും, ഏതെങ്കിലും ഫാക്ടറിയിൽ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ
കുട്ടിയെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

68. പ്രായപൂർത്തിയായവരല്ലാത്ത തൊഴിലാളികൾ ടോക്കണുകൾ കൊണ്ടുനടക്കണമെന്ന്.—തന്റെ പതിന്നാലാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടുള്ള കുട്ടിയോടോ പ്രായപൂർത്തിയാകാറായ ആളോടോ ഏതെങ്കിലും ഫാക്ടറിയിൽ പ്രവൃത്തി ചെയ്യാൻ,—

(ക) അയാളെ സംബന്ധിച്ച് 69-ാം വകുപ്പിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ള ഒരു യോഗ്യതാ സർട്ടിഫിക്കറ്റ് ആ ഫാക്ടറിയുടെ മാനേജരുടെ സൂക്ഷിപ്പിൽ ഉണ്ടായിരിക്കുകയും;

(ഖ) അങ്ങനെയുള്ള കുട്ടിയോ പ്രായപൂർത്തിയാകാറായ ആളോ അയാൾ പ്രവൃത്തി ചെയ്യുന്ന സമയത്ത്, അങ്ങനെയുള്ള സർട്ടിഫിക്കറ്റിനെക്കുറിച്ച് സൂചന നല്കുന്ന ഒരു ടോക്കൺ കൊണ്ടുനടക്കുകയോ, ചെയ്യാത്തപക്ഷം ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

69. യോഗ്യതാ സർട്ടിഫിക്കറ്റുകൾ.—(1) ഫാക്ടറിയിലെ പ്രവൃത്തിക്ക് യോഗ്യതയുള്ളവനാണെന്ന് സർട്ടിഫൈ ചെയ്യപ്പെടുന്നുവെങ്കിൽ ഏതെങ്കിലും ചെറുപ്രായത്തിലുള്ള ആളെ ഒരു ഫാക്ടറിയിൽ നിയോജിക്കുന്നതാണെന്നുള്ള അതിന്റെ മാനേജർ ഒപ്പിട്ട ഒരു രേഖ സഹിതമുള്ള അങ്ങനെയുള്ള അയാളുടേയോ അയാളുടെ മാതാപിതാക്കൻമാരിൽ ഒരാളുടേയോ രക്ഷാകർത്താവിന്റേയോ അപേക്ഷയിൻമേലോ, അല്ലെങ്കിൽ ഏതെങ്കിലും ചെറുപ്രായത്തിലുള്ള ആൾ പ്രവൃത്തി ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു ഫാക്ടറിയുടെ മാനേജരുടെ അപേക്ഷയിൻമേലോ സർട്ടിഫൈ ചെയ്യുന്ന സർജൻ അങ്ങനെയുള്ള ആളെ പരിശോധിക്കുകയും ഫാക്ടറിയിലെ പ്രവൃത്തിക്കുള്ള അയാളുടെ യോഗ്യത തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(2) സർട്ടിഫൈ ചെയ്യുന്ന സർജന്, പരിശോധനയ്ക്കുശേഷം, അങ്ങനെയുള്ള ചെറുപ്രായത്തിലുള്ള ആൾക്ക്—

(ക) ആ ചെറുപ്രായത്തിലുള്ള ആൾ അയാളുടെ പതിന്നാലാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടുണ്ടെന്നും, നിർണ്ണയിക്കപ്പെടുന്ന ശാരീരികമാനകങ്ങൾ പ്രാപിച്ചിട്ടുണ്ടെന്നും ബോദ്ധ്യമാകുന്നുവെങ്കിൽ ഒരു ഫാക്ടറിയിൽ കുട്ടിയെന്ന നിലയിൽ പ്രവൃത്തി ചെയ്യാനുള്ള യോഗ്യതാ സർട്ടിഫിക്കറ്റോ;

(ഖ) ആ ചെറുപ്രായത്തിലുള്ള ആൾ അയാളുടെ പതിനഞ്ചാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടുണ്ടെന്നും, ഒരു ഫാക്ടറിയിൽ ഒരു മുഴുവൻ ദിവസത്തെ പ്രവൃത്തിക്ക് യോഗ്യനാണെന്നും ബോദ്ധ്യമാകുന്നു വെങ്കിൽ ഒരു ഫാക്ടറിയിൽ പ്രായപൂർത്തിയായ ആളെന്ന നിലയിൽ പ്രവൃത്തി ചെയ്യാനുള്ള ഒരു യോഗ്യതാ സർട്ടിഫിക്കറ്റോ,

നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ നല്കുകയോ പുതുക്കുകയോ ചെയ്യാവുന്നതാണ് :

എന്നാൽ ആ ചെറുപ്രായത്തിലുള്ള ആൾ, പ്രവൃത്തി ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്തെക്കുറിച്ചും അയാൾ നിയോജിക്കപ്പെടുന്ന നിർമ്മാണപ്രക്രിയയെക്കുറിച്ചും തനിക്ക് നേരിട്ടുള്ള അറിവ് ഇല്ലാത്തപക്ഷം, സർട്ടിഫൈ ചെയ്യുന്ന സർജൻ, അങ്ങനെയുള്ള സ്ഥലം താൻ പരിശോധിക്കുന്നതുവരെ ഈ ഉപവകുപ്പിൻകീഴിൽ സർട്ടിഫിക്കറ്റ് നല്കുകയോ പുതുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കുകയോ പുതുക്കുകയോ ചെയ്യുന്ന യോഗ്യതാ സർട്ടിഫിക്കറ്റ്—

(ക) അതിന്റെ തീയതിമുതൽ പന്ത്രണ്ടു മാസക്കാലത്തേയ്ക്കു മാത്രം സാധുവായിരിക്കുന്നതും;

(ഖ) ആ ചെറുപ്രായത്തിലുള്ള ആളെ നിയോജിക്കാവുന്ന പ്രവൃത്തിയുടെ പ്രകൃതം സംബന്ധിച്ചുള്ളതോ അല്ലെങ്കിൽ പന്ത്രണ്ടു മാസക്കാലം കഴിയുന്നതിനുമുമ്പ് ആ ചെറുപ്രായത്തിലുള്ള ആളെ പുനഃപരിശോധിക്കാൻ ആവശ്യപ്പെടുന്നതോ ആയ ഉപാധികൾക്ക് വിധേയമാക്കപ്പെടാവുന്നതും,

ആകുന്നു.

(4) (2)-ാം ഉപവകുപ്പിൻകീഴിൽ നല്കിയതോ പുതുക്കിയതോ ആയ ഏതെങ്കിലും സർട്ടിഫിക്കററു കിട്ടിയിട്ടുള്ള ആൾ അതിൽ പറഞ്ഞിട്ടുള്ള നിലയിൽ ഒരു ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ തന്റെ അഭിപ്രായത്തിൽ മേലിൽ യോഗ്യനല്ലെങ്കിൽ സർട്ടിഫൈ ചെയ്ത സർജന് അത് പിൻവലിക്കാവുന്നതാണ്.

(5) സർട്ടിഫൈ ചെയ്യുന്ന സർജൻ ഒരു സർട്ടിഫിക്കററോ അല്ലെങ്കിൽ ആവശ്യപ്പെടുന്ന തരത്തിലുള്ള ഒരു സർട്ടിഫിക്കററോ നല്കാനോ പുതുക്കാനോ വിസമ്മതിക്കുകയോ അല്ലെങ്കിൽ ഒരു സർട്ടിഫിക്കററ് പിൻവലിക്കുകയോ ചെയ്യുന്നിടത്ത്, അപ്രകാരം ചെയ്യാൻ തനിക്കുള്ള കാരണങ്ങൾ ലിഖിതമായി പ്രസ്താവിക്കേണ്ടതാണെന്ന് ആ സർട്ടിഫിക്കററിനോ അതു പുതുക്കാനോ അപേക്ഷിക്കുവാൻ കഴിയുമായിരുന്ന ഏതെങ്കിലും ആൾ ആവശ്യപ്പെടുന്നുവെങ്കിൽ സർട്ടിഫൈ ചെയ്യുന്ന സർജൻ അപ്രകാരം ചെയ്യേണ്ടതാകുന്നു.

(6) ഏതെങ്കിലും ചെറുപ്രായത്തിലുള്ള ആളെ സംബന്ധിച്ച് ഈ വകുപ്പിൻകീഴിലെ ഒരു സർട്ടിഫിക്കററ് (3)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഉപാധികൾക്കു വിധേയമായി, നല്കുകയോ പുതുക്കുകയോ ചെയ്യുന്നിടത്ത്, ആ ഉപാധികൾ അനുസരിച്ചല്ലാതെ ആ ചെറുപ്രായത്തിലുള്ള ആളോട് ഏതെങ്കിലും ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(7) ഈ വകുപ്പിൻകീഴിലെ ഒരു സർട്ടിഫിക്കററിനു കൊടുക്കേണ്ട ഏതെങ്കിലും ഫീസ്, കൈവശക്കാരൻ നല്കേണ്ടതും ആ ചെറുപ്രായത്തിലുള്ള ആളിൽനിന്നോ അയാളുടെ മാതാപിതാക്കൻമാരിൽ നിന്നോ രക്ഷകർത്താവിൽ നിന്നോ വസൂലാക്കാൻ പാടുള്ളതല്ലാത്തതും ആകുന്നു.

70. <u>പ്രായപൂർത്തിയാകാറായ ആൾക്ക് നല്കുന്ന യോഗ്യതാ സർട്ടിഫിക്കററിന്റെ പ്രഭാവം.</u>—69-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ പ്രായപൂർത്തിയായ ആളായി ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ യോഗ്യതാ സർട്ടിഫിക്കററ് നല്കപ്പെട്ടിരിക്കുകയും ഫാക്ററിയിൽ പ്രവൃത്തി ചെയ്യുന്ന സമയത്ത് ആ സർട്ടിഫിക്കററിനെക്കുറിച്ച് സൂചന നല്കുന്ന ടോക്കൺ കൊണ്ടുനടക്കുകയും ചെയ്യുന്ന പ്രായപൂർത്തിയാകാറായ ആൾ, (VI)-ം (VII)-ം അദ്ധ്യായങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും പ്രായപൂർത്തിയായ ആളായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ, പതിനേഴ് വയസ്സ് ആയിട്ടില്ലാത്ത അങ്ങനെയുള്ള യാതൊരു പ്രായപൂർത്തിയാകാറായ ആളും, ഏതെങ്കിലും ഫാക്ററിയിൽ രാത്രി പ്രവൃത്തി ചെയ്യാൻ നിയോജിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, "രാത്രി" എന്നാൽ, ഉച്ചയ്ക്ക് പിമ്പ് പത്തു മണിക്കും ഉച്ചയ്ക്ക് മുമ്പ് ഏഴുമണിക്കും ഇടയിലുള്ള തുടർച്ചയായ ഏഴു മണിക്കൂർ എങ്കിലുമുള്ള ഇടവേള ഉൾക്കൊള്ളേണ്ട തുടർച്ചയായ പന്ത്രണ്ടു മണിക്കൂറെങ്കിലും ഉള്ള കാലയളവ് എന്നർത്ഥമാകുന്നു.

(2) മുൻപറഞ്ഞ (ഖ) ഖണ്ഡത്തിൻകീഴിൽ പ്രായപൂർത്തിയായ ആളെന്ന നിലയിൽ ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ യോഗ്യതാ സർട്ടിഫിക്കററ് നല്കപ്പെട്ടിട്ടില്ലാത്ത പ്രായപൂർത്തിയാകാറായ ആരം അയാളുടെ വയസ്സ് എന്തായിരുന്നാലും, ഈ ആക്ററിന്റെ എല്ലാ ആവശ്യങ്ങൾക്കും കുട്ടിയായി കരുതപ്പെടുന്നതാകുന്നു.

71. കുട്ടികൾക്കുള്ള പ്രവൃത്തി മണിക്കൂറുകൾ.—(1) യാതൊരു കുട്ടിയും—

(ക) ഏതെങ്കിലും ദിവസം നാലര മണിക്കൂറിലധികമോ;

(ഖ) രാത്രി സമയത്തോ,

ഏതെങ്കിലും ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ നിയോജിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക്, "രാത്രി" എന്നാൽ, ഉച്ചയ്ക്ക് പിമ്പ് പത്തു മണിക്കും ഉച്ചയ്ക്കുമുമ്പ് ആറു മണിക്കും ഇടയിലുള്ള ഇടവേള ഉൾക്കൊള്ളേണ്ട തുടർച്ചയായ പന്ത്രണ്ടു മണിക്കൂറെങ്കിലും ഉള്ള കാലയളവ് എന്നർത്ഥമാകുന്നു.

(2) ഒരു ഫാക്ററിയിൽ നിയോജിക്കപ്പെടുന്ന എല്ലാ കുട്ടികളുടേയും പ്രവൃത്തിക്കാലയളവ് രണ്ടു ഷിഫ്ററുകളായി പരിമിതിപ്പെടുത്തേണ്ടതും അവ പരസ്പര വ്യാപിയാവുകയോ ഓരോന്നും അഞ്ചു മണിക്കൂറിൽ അധികം വ്യാപിക്കുന്നതാവുകയോ ചെയ്യാൻ പാട ല്ലാത്തതും ആകുന്നു; ഓരോ കുട്ടിയും റിലേകളിൽ ഒന്നിൽമാത്രം നിയോജിക്കപ്പെടേണ്ടതും, അത് ചീഫ് ഇൻസ്പെക്ടററുടെ മുൻകൂട്ടിയുള്ള ലിഖിതമായ അനുവാദത്തോടുകൂടിയല്ലാതെ മുപ്പതു ദിവസക്കാലത്തിൽ ഒന്നിലധികം തവണ മാററാൻ പാടില്ലാത്തതും ആകുന്നു.

(3) 52-ാം വകുപ്പിലെ വ്യവസ്ഥകൾ കുട്ടികളായ തൊഴിലാളികൾക്കു കൂടി ബാധകമാകുന്നതും ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് ആ വകുപ്പിലെ വ്യവസ്ഥകളിൽനിന്നുള്ള യാതൊരു ഒഴിവാക്കലും അനുവദിക്കാവുന്നതല്ലാത്തതും ആകുന്നു.

(4) യാതൊരു കുട്ടിയോടും, ഏതെങ്കിലും ഫാക്ററിയിൽ ആ കുട്ടി മറെറാരു ഫാക്ററിയിൽ പ്രവൃത്തി ചെയ്തു കഴിഞ്ഞിട്ടുള്ള ഏതെങ്കിലും ദിവസം പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ ആ കുട്ടിയെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

72. കുട്ടികൾക്കുള്ള പ്രവൃത്തിക്കാലയളവുകളുടെ നോട്ടീസ്.—(1) കുട്ടികൾ നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ററിയിലും, കുട്ടികളോട് പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ അവരെ അതിന് അനുവദിക്കുകയോ ചെയ്യാവുന്ന കാലയളവുകൾ ഓരോ ദിവസത്തേക്കും വ്യക്തമായി കാണിച്ചു കൊണ്ടുള്ള കുട്ടികൾക്കുള്ള പ്രവൃത്തിക്കാലയളവുകളുടെ ഒരു നോട്ടീസ് 108-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രദർശിപ്പിക്കുകയും ശരിയായി നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസിൽ കാണിക്കുന്ന കാലയളവുകൾ, 61-ാം വകുപ്പിൽ പ്രായപൂർത്തിയായ തൊഴിലാളികൾക്കായി പ്രതിപാദിച്ചിട്ടുള്ള സംപ്രദായം അനുസരിച്ച് മുൻകൂട്ടി നിജപ്പെടുത്തേണ്ടതും ആ കാലയളവുകൾ പ്രവൃത്തി ചെയ്യുന്ന കുട്ടികൾ 71-ാം വകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുകയല്ല എന്നവിധം ഉള്ളവയായിരിക്കേണ്ടതും ആണ്.

(3) 61–ാം വകുപ്പിലെ (8)–ം (9)–ം (10)–ം ഉപവകുപ്പുകളിലെ വ്യവസ്ഥകരം, ഈ വകുപ്പിലെ (1)–ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസിനുകൂടി ബാധകമാകുന്നതാണ്.

73. കുട്ടികളായ തൊഴിലാളികളുടെ രജിസ്ററർ.—(1) കുട്ടികരം നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ററിയുടേയും മാനേജർ,

(ക) ആ ഫാക്ററിയിലെ ഓരോ കുട്ടിയായ തൊഴിലാളിയുടേയും പേരും;

(ഖ) അയാളുടെ പ്രവൃത്തിയുടെ പ്രകൃതവും;

(ഗ) അയാളെ ഉരംപ്പെടുത്തിയിരിക്കുന്ന ഗ്രൂപ്പ് വല്ലതുമുണ്ടെങ്കിൽ അതും;

(ഘ) അയാളുടെ ഗ്രൂപ്പ് ഷിഫ്ററുകളായി പ്രവൃത്തി ചെയ്യുന്നിടത്ത് അയാളെ ഏത് റിലേയിലേക്കാണ് വച്ചിട്ടുള്ളത്, അതും;

(ങ) 69–ാം വകുപ്പിൻകീഴിൽ നല്കപ്പെട്ടിട്ടുള്ള അയാളുടെ യോഗ്യതാ സർട്ടിഫിക്കററിന്റെ നമ്പരും;

കാണിക്കുന്ന കുട്ടികളായ തൊഴിലാളികളുടെ ഒരു രജിസ്ററർ വച്ചുപോരേണ്ടതും, അതു പ്രവൃത്തിമണിക്കൂറുകളിലോ ആ ഫാക്ററിയിൽ ഏതെങ്കിലും പ്രവൃത്തി നടത്തിക്കൊണ്ടുപോകുമ്പോഴോ എല്ലാ സമയത്തും, ഇൻസ്പെക്ററർക്ക് ലഭ്യമായിരിക്കേണ്ടതും ആകുന്നു.

(2) സ്റേററ് ഗവൺമെൻറിന്, കുട്ടികളായ തൊഴിലാളികളുടെ രജിസ്ററിന്റെ ഫോറവും അതു വച്ചുപോരേണ്ട വിധവും അതു സൂക്ഷിച്ചുവയ്ക്കേണ്ട കാലാവധിയും നിർണ്ണയിക്കാവുന്നതാണ്.

74. പ്രവൃത്തിമണിക്കൂറുകരം 72–ാം വകുപ്പിൻകീഴിലെ നോട്ടീസിനും 73–ാം വകുപ്പിൻകീഴിലെ രജിസ്ററിനും അനുരൂപമായിരിക്കണമെന്ന്.—

ഏതെങ്കിലും ഫാക്ററിയിൽ യാതൊരു കുട്ടിയും, ഫാക്ററിയിൽ പ്രദർശിപ്പിക്കുന്ന കുട്ടികരംക്കുള്ള പ്രവൃത്തിക്കാലയളവ് സംബന്ധിച്ച നോട്ടീസും, ഫാക്ററിയുടെ, കുട്ടികളായ തൊഴിലാളികളുടെ രജിസ്ററിൽ ആ കുട്ടിയുടെ പേരിന് നേരെയായി മുമ്പുതന്നെ ചേർത്തിട്ടുള്ള ഉരംക്കുറിപ്പുകളും അനുസരിച്ചല്ലാതെ നിയോജിക്കപ്പെടാൻ പാടുള്ളതല്ല.

75. മെഡിക്കൽ പരിശോധനയ്ക്ക് ആവശ്യപ്പെടാനുള്ള അധികാരം.—

ഒരു ഇൻസ്പെക്ററർക്ക്,

(ക) ഒരു ഫാക്ററിയിൽ യോഗ്യതാ സർട്ടിഫിക്കററ് കൂടാതെ പ്രവൃത്തി ചെയ്യുന്ന ഏതെങ്കിലും ആരം ചെറുപ്രായത്തിലുള്ള ആളാണെന്നോ; അല്ലെങ്കിൽ

(ഖ) ഒരു ഫാക്ററിയിൽ യോഗ്യതാ സർട്ടിഫിക്കററോടുകൂടി പ്രവൃത്തി ചെയ്യുന്ന ചെറുപ്രായത്തിലുള്ള ഒരാരം അതിൽ പ്രസ്താവിച്ചിട്ടുള്ള നിലയിൽ പ്രവൃത്തി ചെയ്യാൻ മേലിൽ യോഗ്യനല്ലെന്നോ,

അഭിപ്രായമുള്ളിടത്ത്, ഇൻസ്പെക്ററർക്ക്, അതതുസംഗതിപോലെ, അങ്ങനെയുള്ള ആളേയോ ചെറുപ്രായത്തിലുള്ള ആളേയോ ഒരു സർട്ടിഫൈ ചെയ്യുന്ന സർജന്, പരിശോധിക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്ന ഒരു നോട്ടീസ് ഫാക്ററിയുടെ മാനേജരുടെ മേൽ നടത്താവുന്നതും, അങ്ങനെയുള്ള ആളേയോ ചെറുപ്രായത്തിലുള്ള ആളേയോ, അപ്രകാരം പരിശോധിക്കുകയും അയാരം 69–ാം വകുപ്പിൻകീഴിൽ, അതതു സംഗതിപോലെ, യോഗ്യതാ സർട്ടിഫിക്കററോ, പുതിയ യോഗ്യതാ സർട്ടിഫിക്കററോ നല്കുകയും

ചെയ്യുകയോ, അല്ലെങ്കിൽ അയാളെ പരിശോധിക്കുന്ന സർട്ടിഫൈ ചെയ്യുന്ന സർജൻ അയാൾ ചെറുപ്രായത്തിലുള്ള ആൾ ആണെന്ന് സർട്ടിഫൈ ചെയ്യുകയോ ചെയ്യുന്നതുവരെ അയാളെ ഏതെങ്കിലും ഫാക്ടറിയിൽ പ്രവൃത്തി ചെയ്യാൻ നിയോജിക്കുകയോ അനുവദിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ഇൻസ്പെക്ടർ നിദേശിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

76. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—സ്റ്റേററ് ഗവൺമെൻറിന്,—

(ക) 69-ാം വകുപ്പിൻകീഴിൽ നല്കേണ്ട യോഗ്യതാ സർട്ടിഫിക്കററുകളുടെ ഫോറങ്ങൾ നിർണ്ണയിക്കുകയും അസ്സൽ സർട്ടിഫിക്കററുകൾ നഷ്ടപ്പെടുന്നതായാൽ ഡ്യൂപ്ലിക്കേററുകൾ നല്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അങ്ങനെയുള്ള സർട്ടിഫിക്കററുകൾക്കും അവയുടെ പുതുക്കലുകൾക്കും, അങ്ങനെയുള്ള ഡ്യൂപ്ലിക്കേററുകൾക്കും ചാർജ്ജ് ചെയ്യാവുന്ന ഫീസ് നിജപ്പെടുത്തുകയും ചെയ്യുന്നതും;

(ഖ) ഫാക്ടറികളിൽ പ്രവൃത്തി ചെയ്യുന്ന കുട്ടികളും പ്രായപൂർത്തിയാകാത്തവരും പ്രാപിച്ചിരിക്കേണ്ട ശാരീരിക മാനകങ്ങൾ നിർണ്ണയിക്കുന്നതും;

(ഗ) സർട്ടിഫൈ ചെയ്യുന്ന സർജൻമാരുടെ ഈ അദ്ധ്യായത്തിൻകീഴിലെ നടപടിക്രമം ക്രമപ്പെടുത്തുന്നതും;

(ഘ) ഫാക്ടറികളിൽ ചെറുപ്രായത്തിലുള്ളവരുടെ നിയോജനം സംബന്ധിച്ച് സർട്ടിഫൈ ചെയ്യുന്ന സർജനോട് നിർവ്വഹിക്കുവാൻ ആവശ്യപ്പെടാവുന്ന മററു കർത്തവ്യങ്ങൾ വിനിർദേശിക്കുകയും, അങ്ങനെയുള്ള കർത്തവ്യങ്ങൾക്ക് ചാർജ് ചെയ്യാവുന്ന ഫീസും, അതു കൊടുക്കേണ്ടത് ആരാണെന്നുള്ളതും നിജപ്പെടുത്തുകയും ചെയ്യുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

77. മററു ചില നിയമ വ്യവസ്ഥകൾക്ക് തടസ്സമല്ലെന്ന്.—ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ കുട്ടികളുടെ നിയോജനം ആക്ററ്, 1938 (1938-ലെ 26)-ലെ വ്യവസ്ഥകൾക്ക് പുറമെയുള്ളവയും അവയ്ക്ക് ന്യൂനത വരുത്താത്തവയും ആയിരിക്കുന്നതാണ്.

## അദ്ധ്യായം VII

### കൂലിയോടുകൂടിയ വാർഷികാവധി

78. അദ്ധ്യായത്തിൻെറ ബാധകത.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഒരു തൊഴിലാളിക്ക്, മറേറതെങ്കിലും നിയമത്തിൻകീഴിലോ, അല്ലെങ്കിൽ ഏതെങ്കിലും അവാർഡിൻേറയോ, കരാറിൻേറയോ, സർവ്വീസ് കാൺട്രാക്ററിൻേറയോ നിബന്ധനകൾക്കു കീഴിലോ അവകാശമുണ്ടായേക്കാവുന്ന ഏതെങ്കിലും അവകാശത്തിന് ഭംഗം വരുന്നവിധം പ്രവർത്തിക്കുന്നതല്ല :

എന്നാൽ, അങ്ങനെയുള്ള അവാർഡോ കരാറോ സർവ്വീസ് കാൺട്രാക്റേറാ, ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യുന്നതിലും ദീർഘമായ കൂലിയോടുകൂടിയ വാർഷികാവധിക്കു വ്യവസ്ഥ ചെയ്യുമ്പോൾ തൊഴിലാളിക്ക് അങ്ങനെയുള്ള കൂടുതൽ ദീർഘമായ വാർഷികാവധിക്കുമാത്രം അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, കേന്ദ്ര ഗവൺമെൻറിനാൽ ഭരിക്കപ്പെടുന്ന ഏതെങ്കിലും റയിൽവേയുടെ ഏതെങ്കിലും വർക്ക്ഷാപ്പിലുള്ളവരും കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ച അവധി ചട്ടങ്ങളാൽ അനുശാസിതരുമായ തൊഴിലാളികൾക്ക് ബാധകമായിരിക്കുന്നതല്ല.

79. കൂലിയോടുകൂടിയ വാർഷികാവധി.—(1) ഒരു കലണ്ടർ വർഷത്തിൽ ഒരു ഫാക്ടറിയിൽ ഇരുന്നൂററിനാല്പത് ദിവസമോ അതിലധികമോ കാലം പ്രവൃത്തിചെയ്തിട്ടുള്ള ഏതൊരു തൊഴിലാളിക്കും പിൻകലണ്ടർ വർഷത്തിൽ—

(i) പ്രായപൂർത്തിയായ ആളാണെങ്കിൽ മുൻകലണ്ടർ വർഷത്തിൽ അയാൾ ചെയ്ത ഓരോ ഇരുപതുദിവസത്തെ പ്രവൃത്തിക്കും ഒരു ദിവസവും;

(ii) കുട്ടിയാണെങ്കിൽ, മുൻകലണ്ടർ വർഷത്തിൽ ആ കുട്ടി ചെയ്ത ഓരോ പതിനഞ്ചുദിവസത്തെ പ്രവൃത്തിക്കും ഒരു ദിവസവും,

എന്ന നിരക്കിൽ കണക്കാക്കിയ അത്രയും ദിവസത്തേക്ക് കൂലിയോടുകൂടിയ അവധി അനുവദിക്കേണ്ടതാകുന്നു.

വിശദീകരണം.—(1) ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക്—

(ക) കരാറോ കാൺട്രാക്റ്റോ പ്രകാരമുള്ളതോ അല്ലെങ്കിൽ സ്ഥിരം ഉത്തരവുകൾക്ക് കീഴിൽ അനുവദിക്കാവുന്നതോ ആയ ഏതെങ്കിലും ലേ ആഫ്ദിവസങ്ങളും;

(ഖ) സ്ത്രീ തൊഴിലാളിയുടെ സംഗതിയിൽ പന്ത്രണ്ട് ആഴ്ചയിൽ കവിയാത്ത എത്രയെങ്കിലും ദിവസത്തേക്കുള്ള പ്രസവാവധിയും;

(ഗ) അവധി എടുക്കുന്ന വർഷത്തിന്റെ മുൻവർഷത്തിൽ ആർജ്ജിച്ചിട്ടുള്ള അവധിയും,

240 ദിവസമോ അതിലധികമോ ആയ ആ കാലം കണക്കു കൂട്ടുന്ന ആവശ്യത്തിലേക്ക് തൊഴിലാളി ഫാക്ടറിയിൽ പ്രവൃത്തി ചെയ്തിട്ടുള്ള ദിവസങ്ങളായി കരുതപ്പെടുന്നതും എന്നാൽ ഈ ദിവസങ്ങൾക്ക് അയാൾ അവധി ആർജ്ജിക്കുന്നതല്ലാത്തതും ആണ്.

വിശദീകരണം.—(2) ഈ ഉപവകുപ്പിൻ കീഴിൽ അനുവദനീയമായ അവധി, എല്ലാ ഒഴിവുദിവസങ്ങളും അവ അവധിക്കാലത്തിനിടയിൽ വരുന്നതോ അതിന്റെ ആദ്യമോ അവസാനമോ വരുന്നതോ ആയാലും, ഒഴിച്ചുനിറുത്തിയുള്ളതായിരിക്കുന്നതാണ്.

(2) തന്റെ സേവനം ജനുവരി ഒന്നാംതീയതി അല്ലാതെ ആരംഭിക്കുന്ന ഒരു തൊഴിലാളിക്ക്, താൻ ആ കലണ്ടർ വർഷത്തിൽ ബാക്കിയുള്ള ഒട്ടാകെ ദിവസങ്ങളിൽ മൂന്നിൽ രണ്ടുഭാഗം പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ, അതതുസംഗതിപോലെ, (1)-ാംഉപവകുപ്പ് (1)-ാംഖണ്ഡത്തിലൊ ആ ഉപവകുപ്പ് (ii)-ാം ഖണ്ഡത്തിലൊ പ്രതിപാദിക്കുന്ന നിരക്കിൽ കൂലിയോടുകൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഒരു തൊഴിലാളി, വർഷത്തിന്റെ ഇടയ്ക്കുവച്ച് സേവനത്തിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുകയോ ഡിസ്മിസ് ചെയ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ (1)-ാംഉപവകുപ്പിലൊ (2)-ാംഉപവകുപ്പിലൊ വിനിർദ്ദേശിക്കുന്നതും അവധി ആക്കുവാൻ അയാൾക്ക് അവകാശമുണ്ടാകുന്നതുമായ മുഴുവൻ കാലയളവും അയാൾ പ്രവൃത്തി ചെയ്തിട്ടില്ലെന്നിരുന്നാലും അയാൾക്ക് (1)-ാംഉപവകുപ്പിൽ പ്രതിപാദിക്കുന്ന നിരക്കിൽ കൂലിയോടുകൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ അവധി കണക്കാക്കുന്നതിന് അവധിയുടെ പകുതി ദിവസത്തേയോ അതിലധികമോ ആയ ഭിന്നിതം ഒരു മുഴുവൻ ദിവസത്തെ അവധിയായി പരിഗണിക്കേണ്ടതും പകുതി ദിവസത്തിൽ കുറഞ്ഞ ഭിന്നിതം വിട്ടുകളയേണ്ടതും ആകുന്നു.

(5) ഒരു തൊഴിലാളി, ഏതെങ്കിലും കലണ്ടർവർഷത്തിൽ, അതതു സംഗതിപോലെ, (1)-ാംഉപവകുപ്പിനോ (2)-ാംഉപവകുപ്പിനോ കീഴിൽ തനിക്ക് അനുവദിക്കപ്പെടുന്ന അവധി മുഴുവനും എടുക്കുന്നില്ലെങ്കിൽ അയാൾ എടുത്തിട്ടില്ലാത്ത ഏതെങ്കിലും അവധി, പിന്നത്തെ കലണ്ടർവർഷത്തിൽ അയാൾക്ക് അനുവദിക്കേണ്ട അവധിയോടു കൂട്ടേണ്ടതാകുന്നു:

എന്നാൽ, പിന്നത്തെ വർഷത്തിലേക്ക് എടുത്തെഴുതാവുന്ന അവധി ദിവസങ്ങളുടെ ആകെ എണ്ണം, പ്രായപൂർത്തിയായ ആളുടെ സംഗതിയിൽ മുപ്പതിലും, കുട്ടിയുടെ സംഗതിയിൽ നാല്പതിലും കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, കൂലിയോടുകൂടിയ അവധിക്ക് അപേക്ഷിച്ചിരിക്കുകയും എന്നാൽ (8)-ം (9)-ം ഉപവകുപ്പുകളിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും സ്കീം അനുസരിച്ച് അങ്ങനെ അവധി നല്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും തൊഴിലാളിക്ക്, ആ എടുത്തിട്ടില്ലാത്ത അവധി യാതൊരു പരിമിതിയും കൂടാതെ എടുത്തെഴുതുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(6) ഒരു തൊഴിലാളിക്ക്, കലണ്ടർ വർഷത്തിൽ തനിക്ക് അനുവദിക്കപ്പെടാവുന്ന അവധി മുഴുവനുമോ, അതിൻെറ ഏതെങ്കിലും ഭാഗമോ എടുക്കുന്നതിന് തൻെറ അവധി ആരംഭിക്കണമെന്ന് താൻ ആഗ്രഹിക്കുന്ന ദിവസത്തിന് പതിനഞ്ചിലും കുറയാത്ത ദിവസങ്ങൾക്കു മുമ്പ് ഏതെങ്കിലും സമയത്ത് ഫാക്ടറിയുടെ മാനേജരോട് ലിഖിതമായി അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അയാൾ വ്യാവസായികതർക്കങ്ങൾ ആക്ട്, 1947 (1947-ലെ 14) 2-ാംവകുപ്പ് (ഡ) ഖണ്ഡത്തിൽ നിർവ്വചിച്ചതുപോലെയുള്ള ഒരു പൊതുജനോപയോഗിതാ സർവ്വീസിൽ നിയോജിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, ആ അപേക്ഷ തൻെറ അവധി ആരംഭിക്കണമെന്ന് താൻ ആഗ്രഹിക്കുന്ന ദിവസത്തിന് മുപ്പതിലും കുറയാത്ത ദിവസങ്ങൾക്ക് മുമ്പ് നല്കേണ്ടതാകുന്നു:

എന്നുമാത്രമല്ല, ഏതെങ്കിലും വർഷത്തിൽ അവധി എടുക്കാവുന്ന തവണകൾ മൂന്നിൽ കവിയാൻ പാടുള്ളതല്ല.

(7) ഒരു തൊഴിലാളി രോഗാവസ്ഥയിലായ കാലത്തേക്ക് തനിക്ക് കിട്ടാനുള്ള കൂലിയോടുകൂടിയതുമായ അവധി എടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾക്ക് അങ്ങനെയുള്ള അവധി, അവധിക്കുള്ള അപേക്ഷ, 6-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ കൊടുക്കുന്നില്ലെങ്കിലും അനുവദിക്കേണ്ടതാകുന്നു; അങ്ങനെയുള്ള സംഗതിയിൽ 81-ാംവകുപ്പിൻ കീഴിൽ അനുവദനീയമായ വിധമുള്ളകൂലി, അവധിക്കുള്ള അപേക്ഷയുടെ തീയതി മുതൽ പതിനഞ്ചുദിവസമോ പൊതുജനോപയോഗിതാ സർവ്വീസിൻെറ സംഗതിയിൽ മുപ്പതുദിവസമോ കഴിയുന്നതിനുമുമ്പായി കൊടുക്കേണ്ടതാകുന്നു.

(8) പ്രവൃത്തി തുടർന്നുപോകുന്നത് ഉറപ്പുവരുത്താൻ വേണ്ടി ഫാക്ടറിയുടെ കൈവശക്കാരന്നോ മാനേജർക്കോ, വ്യാവസായികതർക്കങ്ങൾ ആക്ട്, 1947 (1947-ലെ 14) 3-ാംവകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയ ഫാക്ടറിയുടെ വർക്സ് കമ്മിററിയുമായോ അല്ലെങ്കിൽ മറേറതെങ്കിലും ആക്ടിൻകീഴിൽ ഏർപ്പെടുത്തിയ സദൃശമായ കമ്മിററിയുമായോ യോജിച്ചുകൊണ്ടോ, അല്ലെങ്കിൽ ഫാക്ടറിയിൽ അങ്ങനെയുള്ള വർക്സ്കമ്മിററിയോ സദൃശമായ കമ്മിററിയോ ഇല്ലെങ്കിൽ, ആ ഫാക്ടറിയിലെ തൊഴിലാളികളുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെട്ട പ്രതിനിധികളുമായി

യോജിച്ചുകൊണ്ടോ, ലിഖിതമായി ഒരു സ്കീം ചീഫ് ഇൻസ്പെക്ററുടെ വശം ഏല്പിക്കാവുന്നതും ഈ വകുപ്പിൻകീഴിൽ അനുവദിക്കാവുന്ന അവധി നല്കുന്നത് ആ സ്കീം പ്രകാരം ക്രമപ്പെടുത്താവുന്നതും ആണ്.

(9) (8)-ാം ഉപവകുപ്പിൻ കീഴിൽ ഏല്പിക്കുന്ന സ്കീം ഫാക്ടറിയിലെ ശ്രദ്ധയാകർഷിക്കത്തക്കതും സൗകര്യമുള്ളതുമായ ഏതെങ്കിലും സ്ഥലങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും, അത് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ പന്ത്രണ്ടുമാസക്കാലത്തേയ്ക്ക് പ്രാബല്യത്തിലിരിക്കുന്നതും, അതിനുശേഷം മാനേജർക്ക്, അതത് സംഗതിപോലെ, വർക്സ് കമ്മിററിയോടോ സദൃശമായ കമ്മിററിയോടൊ യോജിച്ചുകൊണ്ടോ, അല്ലെങ്കിൽ (8)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചതുപോലെയുള്ള തൊഴിലാളികളുടെ പ്രതിനിധികളുമായി യോജിച്ചുകൊണ്ടോ, ഒരിക്കൽ പന്ത്രണ്ടുമാസമായ കൂടുതൽ കാലത്തേക്ക് രൂപഭേദത്തോടു കൂടിയോ അല്ലാതെയോ പുതുക്കാവുന്നതും, പുതുക്കുന്നതിനുമുമ്പ് ചീഫ് ഇൻസ്പെക്ററർക്ക് പുതുക്കൽ നോട്ടീസ് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(10) അവധിക്കുള്ള (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കാത്ത അപേക്ഷ, അതു നിരസിക്കുന്നത് (8)-ം (9)-ം ഉപവകുപ്പുകളിൻ കീഴിൽ തൽസമയം പ്രവർത്തനത്തിലിരിക്കുന്ന സ്കീം അനുസരിച്ചായിരിക്കാത്തപക്ഷം, നിരസിക്കാൻ പാടുള്ളതല്ല.

(11) അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിനോ കീഴിൽ അവധിക്ക് അവകാശമുള്ള ഒരു തൊഴിലാളിയുടെ നിയോജനം, അയാൾ തനിക്ക് അവകാശമുള്ള മുഴുവൻ അവധിയും എടുക്കുന്നതിനുമുമ്പായി കൈവശക്കാരൻ അവസാനിപ്പിക്കുകയാണെങ്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള അവധിക്ക് അപേക്ഷിക്കുകയും അതു അനുവദിക്കാതിരിക്കുകയും ചെയ്തിരിക്കെ, തൊഴിലാളി ആ അവധി എടുക്കുന്നതിനു മുമ്പായി തന്റെ നിയോജനം വിട്ടു പോവുകയാണെങ്കിലോ, ഫാക്ററിയുടെ കൈവശക്കാരൻ, അയാൾക്ക് ആ എടുത്തിട്ടില്ലാത്ത അവധി സംബന്ധിച്ച് 80-ാം വകുപ്പിൻകീഴിൽ കൊടുക്കേണ്ട തുക കൊടുക്കേണ്ടതും, അങ്ങനെ കൊടുക്കുന്നത് കൈവശക്കാരൻ തൊഴിലാളിയുടെ നിയോജനം അവസാനിപ്പിക്കുന്നിടത്ത്, അങ്ങനെ അവസാനിപ്പിക്കുന്നതിന് ശേഷമുള്ള രണ്ടാമത്തെ പ്രവൃത്തിദിവസം കഴിയുന്നതിനു മുമ്പും തൊഴിലാളി തന്റെ നിയോജനം വിട്ടുപോകുന്നിടത്ത്, അടുത്ത ശമ്പള ദിവസവും അല്ലെങ്കിൽ അതിനുമുമ്പും ആയിരിക്കേണ്ടതും ആണ്.

(12) ഡിസ്ചാർജ്ജിനോ ഡിസ്മിസ്സലിനോ മുമ്പായി നല്കേണ്ട ഏതെങ്കിലും നോട്ടീസ്സിന്റെ കാലയളവു കണക്കുകൂട്ടുന്നതിൽ ഒരു തൊഴിലാളിയുടെ, എടുത്തിട്ടില്ലാത്ത അവധി പരിഗണിക്കാൻ പാടുള്ളതല്ല.

80. <u>അവധിക്കാലത്തെ കൂലി.</u>—(1) 79-ാം വകുപ്പിൻകീഴിൽ തനിക്ക് അനുവദിക്കുന്ന അവധിക്ക് ഒരു തൊഴിലാളി ഓവർടൈമും ബോണസ്സും ഒഴിച്ചുനിറുത്തിക്കൊണ്ടും, എന്നാൽ ക്ഷാമബത്തയും തൊഴിലാളിക്ക് ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും സൗജന്യമായി വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം ഉൾപ്പെടുത്തിക്കൊണ്ടും ഉള്ള അയാളുടെ അവധിക്ക് തൊട്ടുമുമ്പുള്ള മാസത്തിൽ അയാൾ പ്രവൃത്തി ചെയ്ത ദിവസങ്ങളിലെ മുഴുവൻ സമയത്തെ ഒട്ടാകെയുള്ള ആർജ്ജനങ്ങളുടെ പ്രതിദിന ശരാശരിക്ക് തുല്യമായ നിരക്കിൽ കൂലികൊടുക്കേണ്ടതാകുന്നു.

(2) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും തൊഴിലാളിക്ക് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യ ഗുണത്തിന് സമാനമായ പണം, ഒരു മാനക കുടുംബത്തിന് അനുവദിക്കാവുന്ന ഭക്ഷ്യധാന്യങ്ങളുടേയും മററു സാധനങ്ങളുടേയും പരമാവധി അളവിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നത്ര പ്രാവശ്യം കണക്കുകൂട്ടേണ്ടതാകുന്നു.

വിശദീകരണം.—(1) "മാനകകുടുംബം" എന്നാൽ, ഒരു തൊഴിലാളിയും, അയാളുടെ അല്ലെങ്കിൽ അയാളുടെ ഭാര്യയും അല്ലെങ്കിൽ ഭർത്താവും, പതിന്നാലു വയസ്സിൽ താഴെയുള്ള രണ്ടു കുട്ടികളും അടങ്ങുന്നതും, ആകെ മൂന്ന് പ്രായ പൂർത്തി ഉപഭോഗയൂണിററുകൾ വേണ്ടതുമായ കുടുംബം എന്നർത്ഥമാകുന്നു.

വിശദീകരണം.—(2) "പ്രായപൂർത്തി ഉപഭോഗയൂണിററ്" എന്നാൽ, പതിന്നാലുവയസ്സിന് മീതെയുള്ള ഒരു പുരുഷന്റെ ഉപഭോഗയൂണിററ് എന്നർത്ഥമാകുന്നതും, പതിന്നാലുവയസ്സിന് മീതെയുള്ള സ്ത്രീയുടേയും പതിന്നാലുവയസ്സിന് താഴെയുള്ള കുട്ടിയുടേയും ഉപഭോഗയൂണിററ് ഒരു പ്രായപൂർത്തി ഉപഭോഗയൂണിററിന്റെ യഥാക്രമം 8-ം 6-ം തോതിൽ കണക്കാക്കേണ്ടതുമാണ്.

(3) സ്റേററ് ഗവൺമെൻറിന്—

(ക) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും തൊഴിലാളിക്ക് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം കണക്കുകൂട്ടേണ്ട രീതിയും ;

(ഖ) ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നത് ഉറപ്പുവരുത്തേണ്ടതിലേക്ക് ഫാക്ററിയിൽ വച്ചുപോരേണ്ട രജിസ്ററുകളും,

നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

81. ചില സംഗതികളിൽ മുൻകൂറായി പണം കൊടുക്കുന്നത്.—പ്രായപൂർത്തിയായ ആളുടെ സംഗതിയിൽ നാലു ദിവസത്തിൽ കുറയാതേയും, കുട്ടിയുടെ സംഗതിയിൽ അഞ്ചുദിവസത്തിൽ കുറയാതേയും അവധി അനുവദിച്ചിട്ടുള്ള തൊഴിലാളിക്ക്, അയാളുടെ അവധി ആരംഭിക്കുന്നതിനുമുമ്പ്, അനുവദിച്ചിട്ടുള്ള അവധിക്കാലത്തേക്ക് കിട്ടാനുള്ള കൂലി കൊടുക്കേണ്ടതാകുന്നു.

82. കിട്ടിയിട്ടില്ലാത്ത കൂലി വസൂലാക്കുന്ന രീതി.—ഈ അദ്ധ്യായത്തിൻ കീഴിൽ നിയോജകൻ കൊടുക്കേണ്ടതും, എന്നാൽ അയാൾ കൊടുത്തിട്ടില്ലാത്തതുമായ ഏതെങ്കിലും തുക, കൂലി കൊടുക്കൽ ആക്ററ്, 1936 (1936-ലെ 4)-ലെ വ്യവസ്ഥകൾക്ക് കീഴിൽ കാലതാമസം വരുത്തിയ കൂലിയായി വസൂലാക്കാവുന്നതായിരിക്കുന്നതാണ്.

83. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്, നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങുന്ന രജിസ്ററുകൾ വച്ചുപോരാൻ ഫാക്ററികളിലെ മാനേജർമാരോട് നിദേശിക്കുന്നതും, ആ രജിസ്ററുകൾ ഇൻസ്പെക്ററർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെടുന്നതും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

84. ഫാക്ററികളെ ഒഴിവാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന് അതിന്റെ അഭിപ്രായത്തിൽ ഒരു ഫാക്ററിയിലെ തൊഴിലാളികൾക്ക് ബാധകമായ അവധി ചട്ടങ്ങൾ, ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യുന്നവയെക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലെന്ന് ബോദ്ധ്യപ്പെടുന്നിടത്ത്, അവ അതിന് ലിഖിതമായ ഉത്തരവുവഴി, അതിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായി, ഈ അദ്ധ്യായത്തിലെ എല്ലാ വ്യവസ്ഥകളിൽനിന്നുമോ അവയിൽ ഏതിൽനിന്നെങ്കിലുമോ ആ ഫാക്ററിയെ ഒഴിവാക്കാവുന്നതാണ്.

## അദ്ധ്യായം IX

## പ്രത്യേക വ്യവസ്ഥകൾ

85. ചില കെട്ടിടപരിസരങ്ങൾക്ക് ആക്റ്റ് ബാധകമാക്കാനുള്ള അധികാരം.—(1) സ്റ്റേറ്റ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ ഒരു നിർമ്മാണപ്രക്രിയ, യന്ത്രശക്തിയുടെ സഹായത്തോടുകൂടിയോ അല്ലാതേയോ നടത്തിക്കൊണ്ടുപോകുന്നതോ, അല്ലെങ്കിൽ സാധാരണമായി അപ്രകാരം നടത്തിക്കൊണ്ടുപോകാറുള്ളതോ ആയ ഏതെങ്കിലും സ്ഥലത്തിന്—

(i) ആ നിർമ്മാണപ്രക്രിയയിൽ നിയോജിക്കപ്പെടുന്ന ആളുകളുടെ എണ്ണം യന്ത്രശക്തിയുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നതാണെങ്കിൽ, പത്തിലും, യന്ത്രശക്തിയുടെ സഹായത്തോടുകൂടിയല്ലാതെ പ്രവർത്തിക്കുന്നതാണെങ്കിൽ ഇരുപതിലും കുറവായിരിക്കുകയോ; അല്ലെങ്കിൽ

(ii) അതിൽ പ്രവർത്തിക്കുന്ന ആളുകൾ, അതിൻെറ ഉടമസ്ഥനാൽ നിയോജിക്കപ്പെടുന്നവരല്ലാത്തവരും, എന്നാൽ അങ്ങനെയുള്ള ഉടമസ്ഥൻെറ അനുവാദത്തോടുകൂടിയോ, അയാളുമായുള്ള കരാറിൻകീഴിലോ പ്രവർത്തിക്കുന്നവരും ആയിരിക്കുകയോ,

ചെയ്യുന്നുവെന്നിരുന്നാലും ബാധകമായിരിക്കുന്നതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, അതിന്, ആ നിർമ്മാണപ്രക്രിയ ഉടമസ്ഥൻ തൻെറ കുടുംബത്തിൻെറ സഹായത്തോടുകൂടി മാത്രം നടത്തിക്കൊണ്ടുപോകുന്നതായിരിക്കരുത്.

(2) ഒരു സ്ഥലം അപ്രകാരം പ്രഖ്യാപിക്കപ്പെട്ടതിനുശേഷം, അത് ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്ക് ഫാക്റ്ററിയായി കരുതപ്പെടുന്നതും, ഉടമസ്ഥൻ കൈവശക്കാരനായും അതിൽ പ്രവൃത്തി ചെയ്യുന്ന ഏതെങ്കിലും ആൾ, തൊഴിലാളിയായും കരുതപ്പെടുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് ''ഉടമസ്ഥനി''ൽ, കെട്ടിടപരിസരങ്ങളുടെ പാട്ടത്തിന് (വാടകയ്ക്ക്) വാങ്ങുന്നയാളോ, അതിൻെറ കൈവശപണയക്കാരനോ ഉൾപ്പെടുന്നതാകുന്നു.

86. പൊതുസ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.—സ്റ്റേറ്റ് ഗവൺമെൻറിന് ഒരു നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടുപോകുന്നതും വിദ്യാഭ്യാസത്തിൻേറയോ പരിശീലനത്തിൻേറയോ പരിഷ്ക്കരണത്തിൻേറയോ ആവശ്യങ്ങൾക്കായി നിലനിറുത്തിപ്പോരുന്ന ഒരു പബ്ലിക് സ്ഥാപനത്തോട് ചേർന്നതുമായ ഏതെങ്കിലും വർക്ക്ഷാപ്പിനേയോ പ്രവൃത്തി സ്ഥലത്തേയോ ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളിലും നിന്നുമോ, അവയിൽ ഏതിൽനിന്നെങ്കിലുമോ, ആവശ്യകമാണെന്ന് കരുതുന്ന ഉപാധികൾക്ക് വിധേയമായി, ഒഴിവാക്കാവുന്നതാണ്:

എന്നാൽ, പ്രവൃത്തിമണിക്കൂറുകളും ഒഴിവു ദിവസങ്ങളും സംബന്ധിച്ച വ്യവസ്ഥകളിൽനിന്ന് യാതൊരു ഒഴിവാക്കലും, സ്ഥാപനത്തിൻെറ നിയന്ത്രണമുള്ള ആളുകൾ, അതിൽ നിയോജിക്കപ്പെടുന്നവരോ ഹാജരാകുന്നവരോ, അതിലെ അന്തേവാസികളോ ആയ ആളുകളുടെ നിയോജനത്തിൻെറ മണിക്കൂറുകളും, ആഹാരത്തിനുള്ള ഇടവേളകളും, ഒഴിവു ദിവസങ്ങളും ക്രമപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി സ്റ്റേറ്റ് ഗവൺമെൻറിൻെറ അംഗീകാരത്തിന്, സമർ

പ്പിക്കുകയും, ആ പദ്ധതിയിലെ വ്യവസ്ഥകൾ ഈ ആക്റ്റിന്റെ തൽസ്ഥാനീയവ്യവസ്ഥകളേക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലെന്ന് സ്റ്റേറ്റ് ഗവൺമെൻറിന് ബോദ്ധ്യപ്പെടുകയും ചെയ്യാത്തപക്ഷം, അനുവദിക്കാൻ പാടുള്ളതല്ല.

87. അപായകരമായ പ്രവർത്തനങ്ങൾ.—ഒരു ഫാക്റ്ററിയിൽ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും പ്രവർത്തനം, അതിൽ നിയോജിക്കപ്പെടുന്ന ആളുകളെ ശാരീരികക്ഷതിയോ വിഷബാധയോ രോഗമോ ഉണ്ടാകാനുള്ള ഗൗരവമുള്ള സാദ്ധ്യതയ്ക്ക് വിധേയരാക്കുന്നുണ്ടെന്ന് അഭിപ്രായമുള്ളിടത്ത്, സ്റ്റേറ്റ് ഗവൺമെൻറിന്, ആ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും ഫാക്റ്ററിക്കോ, തരം അല്ലെങ്കിൽ ഇനം ഫാക്റ്ററികൾക്കോ ബാധകമാകുന്നതും,—

(ക) ആ പ്രവർത്തനം വിനിർദ്ദേശിക്കുകയും അത് അപായകരമായതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നതോ;

(ഖ) സ്ത്രീകളേയോ പ്രായപൂർത്തിയാകാറായവരേയോ കുട്ടികളേയോ ആ പ്രവർത്തനത്തിൽ നിയോജിക്കുന്നത് നിരോധിക്കുകയോ പരിമിതിപ്പെടുത്തുകയോ ചെയ്യുന്നതോ;

(ഗ) ആ പ്രവർത്തനത്തിൽ നിയോജിക്കപ്പെടുന്നവരോ നിയോജനം തേടുന്നവരോ ആയ ആളുകളുടെ അനുകാലികമായ മെഡിക്കൽ പരിശോധനയ്ക്ക് വ്യവസ്ഥ ചെയ്യുകയും, അങ്ങനെയുള്ള നിയോജനത്തിനു യോഗ്യതയുള്ളവരായി സർട്ടിഫൈ ചെയ്യപ്പെടുന്നവരല്ലാത്ത ആളുകളുടെ നിയോജനം നിരോധിക്കുകയും ചെയ്യുന്നതോ;

(ഘ) ആ പ്രവർത്തനത്തിലോ, അതു നടത്തിക്കൊണ്ടുപോകുന്ന സ്ഥലങ്ങളുടെ സമീപത്തോ, നിയോജിക്കപ്പെടുന്ന എല്ലാ ആളുകളുടേയും രക്ഷയ്ക്ക് വ്യവസ്ഥചെയ്യുന്നതോ;

(ങ) ആ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും വിനിർദ്ദിഷ്ടമായ പദാർത്ഥങ്ങളുടേയോ പ്രക്രിയകളുടേയോ ഉപയോഗം നിരോധിക്കുകയോ പരിമിതിപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതോ,

ആയതും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

88. ചില അപകടങ്ങൾ സംബന്ധിച്ച നോട്ടീസ്.— ഏതെങ്കിലും ഫാക്റ്ററിയിൽ, മരണം സംഭവിപ്പിക്കുകയോ, അല്ലെങ്കിൽ ക്ഷതിയേല്ക്കുന്ന ആളെ അപകടത്തിന് തൊട്ട് പിമ്പ് മുതൽ നാല്പത്തെട്ടു മണിക്കൂറോ അതിലധികമോ മണിക്കൂറുകൾ പ്രവൃത്തിചെയ്യുന്നതിൽനിന്ന് തടയാൻ കാരണമായ ഏതെങ്കിലും ശാരീരിക ക്ഷതി ഏല്പിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ ഇതിലേക്കായി നിർണ്ണയിക്കുന്ന പ്രകൃതത്തിലുള്ളതോ ആയ ഒരു അപകടം ഉണ്ടാക്കുന്നിടത്ത്, ആ ഫാക്റ്ററിയുടെ മാനേജർ, അതിനെക്കുറിച്ചുള്ള നോട്ടീസ് നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനങ്ങൾക്കും ഫാറത്തിലും സമയത്തിനുള്ളിലും അയച്ചുകൊടുക്കേണ്ടതാകുന്നു.

89. ചില രോഗങ്ങളെക്കുറിച്ചുള്ള നോട്ടീസ്.—(1) ഫാക്റ്ററിയിലെ ഏതെങ്കിലും തൊഴിലാളിക്ക് പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുന്നിടത്ത്, ആ ഫാക്റ്ററിയുടെ മാനേജർ അതിനെക്കുറിച്ച് നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനങ്ങൾക്കും ഫാറത്തിലും സമയത്തിനുള്ളിലും നോട്ടീസ് അയക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ചികിൽസകൻ, ഫാക്റ്ററിയിൽ നിയോജിക്കപ്പെട്ടിരിക്കുകയോ നിയോജിക്കപ്പെട്ടിരുന്നിരിക്കുകയോ ചെയ്യുന്നവനും, പട്ടികയിൽ

വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ഉള്ളവനോ, ഉള്ളവനാണെന്ന് ചികിൽസകൻ വിശ്വസിക്കുന്നവനോ ആയിരിക്കുകയും ചെയ്യുന്ന ഒരാളെ ശുശ്രൂഷിക്കുന്നുവെങ്കിൽ, ആ ചികിൽസകൻ ചീഫ് ഇൻസ്പെക്ടറുടെ ആഫീസിലേക്ക്,—

(ക) രോഗിയുടെ പേരും പൂർണ്ണമായ പോസ്റ്റൽ മേൽവിലാസവും,

(ഖ) രോഗിയ്ക്ക് എന്തുരോഗമുള്ളതായാണ് താൻ വിശ്വസിക്കുന്നത് എന്നുള്ളതും,

(ഗ) രോഗി നിയോജിക്കപ്പെട്ടിട്ടുള്ളതോ ഒടുവിൽ നിയോജിക്കപ്പെട്ടിരുന്നതോ ആയ ഫാക്ടറിയുടെ പേരും മേൽവിലാസവും,

പ്രസ്താവിക്കുന്ന ലിഖിതമായ ഒരു റിപ്പോർട്ട് കാലതാമസം കൂടാതെ അയച്ചുകൊടുക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള റിപ്പോർട്ട്, ആ ആറംക്ക് പട്ടികയിൽ വിനിർദ്ദേശിക്കുന്ന രോഗം ഉണ്ടെന്നുള്ള സർട്ടിഫൈചെയ്യുന്ന സർജന്റെ സർട്ടിഫിക്കററിനാലോ, മററുവിധത്തിലോ ചീഫ് ഇൻസ്പെക്ടർക്ക് ബോദ്ധ്യമാകുംവണ്ണം, സ്ഥിരീകരിക്കപ്പെടുന്നിടത്ത്, ചീഫ് ഇൻസ്പെക്ടർ ആ ചികിൽസകന് നിർണ്ണയിക്കപ്പെടുന്ന ഫീസ് കൊടുക്കേണ്ടതും, അപ്രകാരം കൊടുക്കുന്ന ഫീസ്, ഏതു ഫാക്ടറിയിൽവച്ചാണോ ആ ആറംക്ക് ആ രോഗം ബാധിച്ചത്, ആ ഫാക്ടറിയുടെ കൈവശക്കാരനിൽനിന്ന് ഭൂമിക്കരകുടിശ്ശികയെന്നപോലെ വസൂലാക്കേണ്ടതുമാകുന്നു.

(4) ഏതെങ്കിലും ചികിൽസകൻ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകറ അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അയാറം അമ്പതുരൂപയോളമാകാവുന്ന പിഴശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

90. <u>അപകടത്തിന്റേയോ രോഗത്തിന്റേയോ കേസ്സുകളിൽ അന്വേഷണവിചാരണയ്ക്കു നിദേശിക്കാനുള്ള അധികാരം.</u>— (1) ഒരു ഫാക്ടറിയിൽ ഉണ്ടാകുന്ന ഏതെങ്കിലും അപകടത്തിന്റെ കാരണങ്ങളെക്കുറിച്ചോ, അല്ലെങ്കിൽ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഒരു രോഗം ഒരു ഫാക്ടറിയിൽ വച്ചു ബാധിച്ചിട്ടുള്ളതോ ബാധിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കേസ്സിനെക്കുറിച്ചോ അന്വേഷണവിചാരണ നടത്താനായി ക്ഷമതയുള്ള ഒരാളെ നിയമിക്കുന്നത്, അപ്രകാരം ചെയ്യുന്നതു സമീചീനമാണെന്ന് കരുതുന്നുവെങ്കിൽ, സ്റ്റേററ് ഗവൺമെൻറിന് അപ്രകാരം ചെയ്യാവുന്നതും, കൂടാതെ അങ്ങനെയുള്ള അന്വേഷണവിചാരണയിൽ അസ്സസ്സർമാരായി പ്രവർത്തിക്കാൻ നിയമപരിജ്ഞാനമോ പ്രത്യേക പരിജ്ഞാനമോ ഉള്ള ഒന്നോ അതിലധികമോ ആളുകളെ നിയമിക്കാവുന്നതും ആണ്.

(2) ഈ വകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്താൻ നിയമിക്കപ്പെടുന്ന ആറംക്ക്, സാക്ഷികളെ ഹാജരാക്കിക്കുകയും രേഖകളും ലക്ഷ്യവസ്തുക്കളും ഹാജരാക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന ആവശ്യങ്ങറക്കുവേണ്ടി സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അന്വേഷണവിചാരണയുടെ ആവശ്യങ്ങറക്ക് ആവശ്യകമായി വരുന്നിടത്തോളം ഈ ആക്ററിൻകീഴിൽ ഇൻസ്പെക്ടർക്കുള്ള അധികാരങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കാവുന്നതും, ഏതെങ്കിലും വിവരം നല്കുവാൻ അന്വേഷണവിചാരണചെയ്യുന്ന ആറം ആവശ്യപ്പെടുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45) 176-ാം വകുപ്പിന്റെ അർത്ഥത്തിൽ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടുന്നതും ആകുന്നു.

(3) ഈ വകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്തുന്ന ആരം, അതതുസംഗതിപോലെ, അപകടത്തിൻേറയോ രോഗത്തിൻേറയോ കാരണങ്ങളും തൽസംബന്ധമായ ഏതെങ്കിലും പരിതഃസ്ഥിതികളും പ്രസ്താവിച്ചു കൊണ്ടും, ആ ആരംക്കോ അസസ്സർമാരിൽ ആർക്കെങ്കിലുമോ, ചെയ്യുന്നതു യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും അഭിപ്രായപ്രകടനങ്ങരം ചേർത്തു കൊണ്ടും സ്റേററ്ഗവൺമെൻറിന് റിപ്പോർട്ട് കൊടുക്കേണ്ടതാകുന്നു.

(4) സ്റേററ്ഗവൺമെൻറിന്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഈ വകുപ്പിൻകീഴിൽ കൊടുക്കുന്ന ഏതെങ്കിലും റിപ്പോർട്ടോ അതിൽനിന്നുള്ള ഏതെങ്കിലും എക്സ്ട്രാക്റേറാ പ്രസിദ്ധപ്പെടുത്തിക്കാവുന്നതാണ്.

(5) സ്റേററ്ഗവൺമെൻറിന്, ഈ വകുപ്പിൻ കീഴിലുള്ള അന്വേഷണ വിചാരണകളിലെ നടപടി ക്രമങ്ങരം ക്രമപ്പെടുത്തുന്നതിനു ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്.

91. <u>സാമ്പിളുകരം എടുക്കാനുള്ള അധികാരം</u>.— (1) ഇൻസ്പെക്ററർക്ക് ഫാക്റററിയുടെ സാധാരണ പ്രവൃത്തി മണിക്കൂറുകളിൽ ഏതു സമയത്തും ഫാക്റററിയുടെ കൈവശക്കാരനേയോ മാനേജരേയോ അല്ലെങ്കിൽ തൽസമയം ഫാക്റററിയുടെ ചാർജ്ജുള്ളതായി കരുതപ്പെടുന്ന മററ് ആളേയോ അറിയിച്ച തിനുശേഷം, ആ ഫാക്റററിയിൽ ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും പദാർത്ഥങ്ങളുടെ മതിയായത്ര സാമ്പിരം, അങ്ങനെയുള്ള ഉപയോഗം—

(ക) ഇൻസ്പെക്റററുടെ വിശ്വാസത്തിന്, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിച്ചുകൊണ്ടുള്ളതോ, അല്ലെങ്കിൽ

(ഖ) ഇൻസ്പെക്റററുടെ അഭിപ്രായത്തിൽ ഫാക്റററിയിലെ തൊഴിലാളികരംക്ക് ശാരീരികക്ഷതിയോ അവരുടെ ആരോഗ്യത്തിന് ക്ഷതിയോ ഉളവാക്കുവാൻ ഇടയുള്ളതോ,

ആണെന്നിരിക്കിൽ, ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്നരീതിയിൽ എടുക്കാവുന്നതാണ്.

(2) ഇൻസ്പെക്ററർ (1)-ാം ഉപവകുപ്പിൻകീഴിൽ സാമ്പിരം എടുക്കുന്നിടത്ത്, അയാരം, ആ ഉപവകുപ്പിൻകീഴിൽ അറിയിക്കപ്പെട്ട ആരം മനഃപൂർവ്വം സ്വയം ഹാജരാകാതിരിക്കാത്തപക്ഷം, അയാളുടെ സാന്നിദ്ധ്യത്തിൽവച്ച്, ആ സാമ്പിരം മൂന്നുഭാഗങ്ങളായി വിഭജിക്കുകയും, അവ ഫലപ്രദമായി മുദ്രവയ്ക്കുകയും, അനുയോജ്യമായി അടയാളപ്പെടുത്തുകയും ചെയ്യേണ്ടതും, അവയിൻമേൽ അങ്ങനെയുള്ള ആളുടെ സ്വന്തം മുദ്രയും അടയാളവും ചേർക്കാൻ അയാളെ അനുവദിക്കേണ്ടതും ആകുന്നു.

(3) ഈ വകുപ്പിൻകീഴിൽ എടുക്കുന്ന സാമ്പിരം വിഭജിക്കാനും മുദ്രവയ്ക്കാനും അടയാളപ്പെടുത്താനുമുള്ള ഉപകരണങ്ങരം നല്കാൻ, ഇൻസ്പെക്ററർ ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞതുപോലെ അറിയിക്കപ്പെട്ടിട്ടുള്ള ആരം അപ്രകാരം ചെയ്യേണ്ടതാകുന്നു.

(4) ഇൻസ്പെക്ററർ—

(ക) സാമ്പിളിൻെറ ഒരു ഭാഗം (1)-ാം ഉപവകുപ്പിൻകീഴിൽ അറിയിക്കപ്പെട്ടിട്ടുള്ള ആരംക്ക് ഉടനടി നല്കുകയും;

(ഖ) രണ്ടാമത്തെഭാഗം വിശ്ലേഷണത്തിനും അതിൻമേലുള്ള റിപ്പോർട്ടിനുമായി ഗവൺമെൻറ് അനാലിസ്ററിന് ഉടനടി അയച്ചുകൊടുക്കുകയും;

(ഗ) മൂന്നാമത്തെഭാഗം, ആ പദാർത്ഥം സംബന്ധിച്ച്, നടപടികൾ എന്തെങ്കിലുമുണ്ടെങ്കിൽ, അത് ഏതു കോടതിമുമ്പാകെയാണോ ആരംഭിക്കപ്പെടുന്നത്, ആ കോടതിയിൽ ഹാജരാക്കുന്നതിനായി വച്ചുപോരുകയും,

ചെയ്യേണ്ടതാകുന്നു.

(5) ഈ വകുപ്പിൻകീഴിൽ വിശ്ലേഷണത്തിനും റിപ്പോർട്ടിനുമായി തനിക്കു അയച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥത്തിൻമേലുള്ള ഏതെങ്കിലും ഗവൺമെൻറ് അനാലിസ്ററിൻെറ കൈയൊപ്പോടുകൂടിയ റിപ്പോർട്ടാണെന്നു കരുതപ്പെടാവുന്ന ഏതെങ്കിലും രേഖ, ആ പദാർത്ഥം സംബന്ധിച്ച് നടപടി ആരംഭിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും നടപടികളിൽ തെളിവായി ഉപയോഗിക്കാവുന്നതാണ്.

## അദ്ധ്യായം X

## ദണ്ഡനങ്ങളും നടപടിക്രമവും

92. കുററങ്ങൾക്കുള്ള സാമാന്യദണ്ഡനം.— ഈ ആക്ററിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെയും, 93-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായും, ഏതെങ്കിലും ഫാക്ടറിയിലൊ ഫാക്ടറി സംബന്ധിച്ചോ ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ, അതിൻകീഴിൽ നല്കിയിട്ടുള്ള ഏതെങ്കിലും ലിഖിതമായ ഉത്തരവിലേയോ വ്യവസ്ഥകളിൽ ഏതിൻെറയെങ്കിലും ഏതെങ്കിലും ഉല്ലംഘനം ഉണ്ടെങ്കിൽ, ഫാക്ടറിയുടെ കൈവശക്കാരൻ, മാനേജർ എന്നിവരിൽ ഓരോരുത്തനും, കുററത്തിന് അപരാധിയാകുന്നതും, മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആ ഉല്ലംഘനം കുററസ്ഥാപനത്തിനുശേഷം തുടരുന്നുവെങ്കിൽ, ഉല്ലംഘനം അപ്രകാരം തുടരുന്ന ഓരോ ദിവസത്തേക്കും, എഴുപത്തഞ്ചുരൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

93. ചില പരിതഃസ്ഥിതികളിൽ കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻെറ ഉത്തരവാദിത്വം.—(1) ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ വെവ്വേറെയുള്ള കെട്ടിടങ്ങൾ വെവ്വേറെയുള്ള ഫാക്ടറികളുടെ ഉപയോഗത്തിനായി വ്യത്യസ്ത കൈവശക്കാർക്ക് വാടകയ്ക്ക് കൊടുക്കുന്നിടത്ത്, കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻ, സമീപറോഡുകൾ, അഴുക്കുചാൽ, ജലവിതരണം, വെളിച്ചം, ശുചീകരണം മുതലായ പൊതുവായുള്ള സൗകര്യങ്ങളും സേവനങ്ങളും ഏർപ്പെടുത്തുകയും സംരക്ഷിച്ചുപോരുകയും ചെയ്യാൻ ഉത്തരവാദി ആകുന്നു.

(2) സ്റേററ് ഗവൺമെൻറിൻെറ നിയന്ത്രണത്തിന് വിധേയമായി, ചീഫ് ഇൻസ്പെക്ടർക്ക് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച് കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥന് ഉത്തരവുകൾ നല്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ഏതെങ്കിലും കെട്ടിട പരിസരത്തിൽ നിരപേക്ഷിതമോ സ്വയം സംപൂർണ്ണമോ ആയ നിലകളോ ഫ്ളാററുകളോ, വെവ്വേറെയുള്ള ഫാക്ടറികളുടെ ഉപയോഗത്തിനായി വ്യത്യസ്ത കൈവശക്കാർ വാടകയ്ക്ക് കൊടുക്കുന്നിടത്ത്, കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻ—

(i) കക്കൂസ്സുകൾക്കും മൂത്രപ്പുരകൾക്കും, കഴുകാനുള്ള സൗകര്യങ്ങൾക്കും ഉള്ള പൊതുവായ ജലവിതരണം നിലനിറുത്തുന്നതു സംബന്ധിച്ചിടത്തോളം, ആ ആവശ്യങ്ങളും;

(ii) ഉടമസ്ഥന്റെ വകയായിട്ടുള്ളതും, ഒരു കൈവശക്കാരന്റെ സൂക്ഷിപ്പിലേയ്ക്കോ ഉപയോഗത്തിനോ വിനിർദ്ദിഷ്ടമായി ഭരമേല്പിക്കപ്പെട്ടിട്ടില്ലാത്തതുമായ മെഷിനറിയും പ്ലാൻറും കെട്ടിയടയ്ക്കുന്നതും;

(iii) നിലകളിലേക്കും ഫ്ളാററുകളിലേക്കും ഉള്ള നിരപായമായ പ്രവേശനമാർഗ്ഗങ്ങളും, കോവണികളുടേയും ഇടനാഴികളുടേയും സംരക്ഷണവും ശുചിത്വവും ;

(iv) അഗ്നിബാധയുണ്ടായാലുള്ള മുൻ കരുതലുകളും ;

(v) ഹോയ്സ്ററുകളുടേയും ലിഫ്ററുകളുടേയും സംരക്ഷണവും;

(vi) ആ കെട്ടിടപരിസരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും പൊതുവായ സൗകര്യങ്ങളുടെ സംരക്ഷണവും,

സംബന്ധിച്ചുള്ള ഈ ആക്ററിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനത്തിന് ഫാക്ടറിയുടെ കൈവശക്കാരനോ മാനേജരോ ആയിരുന്നാലെന്നപോലെ ഉത്തരവാദിയായിരിക്കുന്നതാണ്.

(4) സ്റേററ് ഗവൺമെൻറിന്റെ നിയന്ത്രണത്തിനു വിധേയമായി ചീഫ് ഇൻസ്പെക്ടർക്ക് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച് കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥന് ഉത്തരവുകൾ നല്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(5) ഉടമസ്ഥന്റെ ഉത്തരവാദിത്വം സംബന്ധിച്ചുള്ള (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ പൊതുവായുള്ള കക്കൂസ്സുകളോടും മൂത്രപ്പുരകളോടും കഴുകാനുള്ള സൗകര്യങ്ങളോടും കൂടിയ നിരപേക്ഷിതമായ മുറികൾ വെവ്വേറെയുള്ള ഫാക്ടറികളായി ഉപയോഗിക്കാനായി വ്യത്യസ്ത കൈവശക്കാർക്ക് വാടകയ്ക്കുകൊടുക്കുന്നിടത്ത് ബാധകമാകുന്നതാണ്:

എന്നാൽ, ഉടമസ്ഥൻ കക്കൂസ്സുകളും മൂത്രപ്പുരകളും കഴുകാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച് വേണ്ടതായി പറയുന്നവ അനുസരിക്കുന്നതിനുകൂടി ഉത്തരവാദിയായിരിക്കുന്നതാണ്.

(6) സ്റേററ് ഗവൺമെൻറിന്റെ നിയന്ത്രണത്തിനു വിധേയമായി, ചീഫ് ഇൻസ്പെക്ടർക്ക് 46-ാം വകുപ്പിലേയോ 48-ാം വകുപ്പിലേയോ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച്, (5)-ാം ഉപവകുപ്പിൽ പരാമർശിച്ച കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥന് ഉത്തരവുകൾ നല്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ ഒരു മുറിയുടേയോ ഷെഡ്ഡിന്റേയോ ഭാഗങ്ങൾ വെവ്വേറെയുള്ള ഫാക്ടറികളുടെ ഉപയോഗത്തിനായി വ്യത്യസ്ത കൈവശക്കാർക്ക് വാടകയ്ക്കു കൊടുക്കുന്നിടത്ത്, കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥൻ താഴെ പറയുന്ന വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനത്തിന് ഉത്തരവാദി ആയിരിക്കുന്നതാണ്.

(i) 14-ം, 15-ം, വകുപ്പുകൾ ഒഴികെ III-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ;

(ii) 22, 23, 27, 34, 35, 36 എന്നീവകുപ്പുകൾ ഒഴികെ IV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ :

എന്നാൽ, 21, 24, 32, എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഉടമസ്ഥന്റെ ഉത്തരവാദിത്വം, അങ്ങനെയുള്ള വ്യവസ്ഥകൾ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള കാര്യങ്ങളെ സംബന്ധിക്കുന്നിടത്തോളം മാത്രമായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, കൈവശക്കാരന്റെ വകയായിട്ടുള്ളതോ അയാൾക്ക് നല്കിയിട്ടുള്ളതോ, ആയ പ്ലാൻറും മെഷിനറിയും സംബന്ധിച്ചുള്ള IV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിക്കുന്നതിന് അയാൾ ഉത്തരവാദിയായിരിക്കുന്നതാണ്.

(iii) 42-ാം വകുപ്പിലെ വ്യവസ്ഥകൾ.

(8) സ്റേററ്റ് ഗവൺമെൻറിന്റെ നിയന്ത്രണത്തിന്നു വിധേയമായി, ചീഫ് ഇൻസ്പെക്ടർക്ക്, (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച് കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥന്, ഉത്തരവുകൾ നല്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(9) നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ഒട്ടാകെയുള്ള സംഖ്യ ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതിന്റെയെങ്കിലും ആവശ്യങ്ങൾക്കായി കണക്ക് കൂട്ടുമ്പോൾ (5)-ം (7)-ം ഉപവകുപ്പുകൾ സംബന്ധിച്ച് ആ പരിസരങ്ങൾ മുഴുവൻ ഒററ ഫാക്ററിയായി കരുതപ്പെടുന്നതാകുന്നു.

94. മുൻകുററസ്ഥാപനത്തിനു ശേഷമുള്ള വർദ്ധിച്ച ദണ്ഡനം.— 92-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ, അതേ വ്യവസ്ഥയുടെ ഉല്ലംഘനം ഉൾക്കൊള്ളുന്ന ഒരു കുററത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ, അയാൾ, പിന്നീടുള്ള കുററസ്ഥാപനത്തിൻമേൽ, ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ, ശിക്ഷ നല്കപ്പെടുന്ന കുററം ചെയ്തതിന് രണ്ടു വർഷത്തിലധികം മുമ്പ് ചെയ്ത ഏതെങ്കിലും കുററസ്ഥാപനം, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് പരിഗണനയ്ക്ക് എടുക്കുന്നതല്ല.

95. ഇൻസ്പെക്ടറെ തടസ്സപ്പെടുത്തുന്നതിനുള്ള ദണ്ഡനം.— ഈ ആക്റേറാ ആക്ററിൻകീഴിലോ നല്കുന്ന ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിൽ ഇൻസ്പെക്ടറെ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ ഈ ആക്റേറാ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച്, വച്ചുപോരുന്നതും തന്റെ കസ്ററഡിയിലുള്ളതുമായ ഏതെങ്കിലും രജിസ്ററുകളോ മററു രേഖകളോ ഇൻസ്പെക്ടർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കാതിരിക്കുകയോ, അല്ലെങ്കിൽ ഇൻസ്പെക്ടറുടെ മുമ്പാകെ ഹാജരാകുന്നതിൽ നിന്നോ അയാളാൽ വിസ്തരിക്കപ്പെടുന്നതിൽ നിന്നോ ഒരു ഫാക്ടറിയിലെ ഏതെങ്കിലും തൊഴിലാളിയെ ഒളിപ്പിക്കുകയോ തടയുകയോ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

96. 91-ാം വകുപ്പിൻകീഴിലുള്ള വിശ്ലേഷണത്തിന്റെ ഫലങ്ങൾ അന്യായമായി വെളിപ്പെടുത്തുന്നതിനുള്ള ശിക്ഷ.— ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിനുള്ള പ്രാസിക്യൂഷന്റെ ആവശ്യങ്ങൾക്ക് ആവശ്യകമായിടത്തോളം ഒഴികെ, 91-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന വിശ്ലേഷണത്തിന്റെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തുകയോ ഏതെങ്കിലും ആൾക്ക് വെളിപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

97. തൊഴിലാളികളാലുള്ള കുററങ്ങൾ.— (1) 111-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി,

ഒരു ഫാക്ററിയിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളി, തൊഴിലാളികളുടെ മേൽ ഏതെങ്കിലും കർത്തവ്യമോ ബാദ്ധ്യതയോ ചുമത്തുന്ന ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലേയോ ഉത്തരവുകളിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാരം ഇരുപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു,

(2) ഒരു തൊഴിലാളി (1)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യുന്നിടത്ത്, ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ, അതു തടയുവാൻ അയാരം ന്യായമായ എല്ലാ നടപടികളും എടുക്കാതിരുന്നുവെന്ന് തെളിയിക്കാത്തപക്ഷം, ആ ഉല്ലംഘനം സംബന്ധിച്ചുള്ള കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതല്ല.

98. വ്യാജമായ യോഗ്യതാ സർട്ടിഫിക്കററ് ഉപയോഗിക്കുന്നതിനുള്ള ദണ്ഡനം. 70-ാം വകുപ്പിൻകീഴിൽ മററൊരാരംക്ക് നല്കപ്പെട്ട ഒരു സർട്ടിഫിക്കററ്, ആ വകുപ്പിൻകീഴിൽ തനിക്ക് നല്കപ്പെട്ട യോഗ്യതാസർട്ടിഫിക്കററായി ബോധപൂർവ്വം ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സർട്ടിഫിക്കററ് സമ്പാദിച്ചിരിക്കേ, അത് മററൊരാളാൽ ഉപയോഗിക്കപ്പെടാനോ ഉപയോഗിക്കപ്പെടാനുള്ള ശ്രമം നടത്തുവാനോ ബോധപൂർവ്വം അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഒരുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അൻപതു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

99. കുട്ടിയുടെ ഇരട്ട നിയോജനം അനുവദിക്കുന്നതിനുള്ള ദണ്ഡനം.—ഒരു കുട്ടി ഫാക്ററിയിൽ താൻ മറേറതെങ്കിലും ഫാക്ററിയിൽ പ്രവൃത്തിചെയ്തുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും ദിവസം പ്രവൃത്തി ചെയ്യുന്നുവെങ്കിൽ, ആ കുട്ടിയുടെ മാതാവോ പിതാവോ രക്ഷാകർത്താവോ, അല്ലെങ്കിൽ ആ കുട്ടിയുടെ കസ്ററഡിയോ നിയന്ത്രണമോ ഉള്ളവനോ, ആ കുട്ടിയുടെ കൂലിയിൽ നിന്ന് ഏതെങ്കിലും നേരിട്ടുള്ള ഗുണം ലഭിക്കുന്നവനോ ആയ ആളോ ആ കുട്ടി അപ്രകാരം പ്രവൃത്തി ചെയ്തത് അങ്ങനെയുള്ള മാതാവിൻേറയോ പിതാവിൻേറയോ രക്ഷാകർത്താവിൻേറയോ ആളുടേയോ സമ്മതമോ മൗനാനുവാദമോ കൂടാതെയാണെന്ന് കോടതിക്ക് തോന്നാത്തപക്ഷം, അൻപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

100. ചില സംഗതികളിൽ കൈവശക്കാരനെ തീരുമാനിക്കൽ.—

(1) ഫാക്ററിയിലെ കൈവശക്കാരൻ, ഫേമോ, വ്യക്തികളുടെ മററു സമാജമോ ആയിരിക്കുന്നിടത്ത്, അതിൻെറ പങ്കാളികളായ വ്യക്തികളിലോ പങ്കാളികളായ അംഗങ്ങളിലോ ഏതൊരുത്തനും, ഫാക്ററിയുടെ കൈവശക്കാരൻ ശിക്ഷിക്കപ്പെടാവുന്ന ഏതു കുററത്തിനും, ഈ അദ്ധ്യായത്തിൻകീഴിൽ പ്രാസിക്യൂട്ട് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാവുന്നതാണ്:

എന്നാൽ, ആ ഫേമിനോ സമാജത്തിനോ ഇൻഡ്യയിൽ താമസമുള്ള അതിൻെറ അംഗങ്ങളിൽ ഒരാളെ ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങരംക്കായി ഫാക്ററിയുടെ കൈവശക്കാരനായി നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് ഇൻസ്പെക്ററർക്ക് നോട്ടീസ് നല്കാവുന്നതും,

അങ്ങനെയുള്ള ആരം, അയാരം അപ്രകാരം താമസമുള്ളിടത്തോളം കാലം, അയാളുടെ നാമനിർദ്ദേശം റദ്ദാക്കിക്കൊണ്ട് തുടർന്നുള്ള നോട്ടീസ് ഇൻസ്പെക്ററർക്ക് കിട്ടുന്നതുവരേയോ, അയാരം ആ ഫേമിൻേറയോ സമാജത്തിൻേറയോ പങ്കാളിയോ അംഗമോ അല്ലാതായിത്തീരുന്നതുവരേയോ, ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങരംക്കായി ഫാക്ററിയുടെ കൈവശക്കാരനായി കരുതപ്പെടുന്നതും ആകുന്നു.

(2) ഫാക്ററിയുടെ കൈവശക്കാരൻ കമ്പനി ആയിരിക്കുന്നിടത്ത്, അതിന്റെ ഡയറക്ററർമാരിൽ ഏതൊരുത്തനും അല്ലെങ്കിൽ സ്വകാര്യക്കമ്പനിയുടെ സംഗതിയിൽ, അതിന്റെ ഓഹരി ഉടമകളിൽ ഏതൊരുത്തനും, ഫാക്ററിയുടെ കൈവശക്കാരൻ ശിക്ഷിക്കപ്പെടാവുന്ന ഏതു കൃത്യത്തിനും ഈ അദ്ധ്യായത്തിൻകീഴിൽ പ്രാസിക്യൂട്ട് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാവുന്നതാണ്:

എന്നാൽ ആ കമ്പനിക്ക്, ഒരു ഡയറക്ററരോ അല്ലെങ്കിൽ സ്വകാര്യക്കമ്പനിയുടെ സംഗതിയിൽ ഒരു ഓഹരിയുടമയോ ആയവനും, ഈ രണ്ടു സംഗതികളിൽ ഏതിലും, ഇൻഡ്യയിൽ താമസമുള്ളവനുമായ ആളെ ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ഫാക്ററിയുടെ കൈവശക്കാരനായി നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് ഇൻസ്പെക്ററർക്ക് നോട്ടീസ് നല്കാവുന്നതും, അതതു സംഗതിപോലെ, അങ്ങനെയുള്ള ഡയറക്ററരോ ഓഹരിയുടമയോ അയാൾ അപ്രകാരം താമസമുള്ളിടത്തോളം കാലം, അയാളുടെ നാമനിർദ്ദേശം റദ്ദാക്കിക്കൊണ്ട് തുടർന്നുള്ള നോട്ടീസ് ഇൻസ്പെക്ററർക്ക് കിട്ടുന്നതുവരേയോ, അയാൾ ഡയറക്ററരോ ഓഹരിയുടമയോ അല്ലാതായിത്തീരുന്നതുവരേയോ, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ഫാക്ററിയുടെ കൈവശക്കാരനായി കരുതപ്പെടുന്നതാകുന്നു.

(3) 93-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും കെട്ടിടപരിസരങ്ങളുടേയോ കെട്ടിടത്തിന്റേയോ ഉടമസ്ഥൻ, ഒരു വ്യക്തി അല്ലാത്തിടത്ത്, ഈ വകുപ്പിലെ വ്യവസ്ഥകൾ, ഫാക്ററികളിലെ വ്യക്തികളല്ലാത്ത കൈവശക്കാർക്ക് ബാധകമാകുന്നതുപോലെ, അങ്ങനെയുള്ള ഉടമസ്ഥന് ബാധകമാകുന്നതാണ്.

101. ചില സംഗതികളിൽ കൈവശക്കാരനേയോ മാനേജരേയോ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കൽ.— ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് ചാർജ് ചെയ്യപ്പെടുന്നിടത്ത്, അയാൾ മുറപ്രകാരം പരാതി കൊടുക്കുന്നതിൻമേലും യഥാർത്ഥ കുററക്കാരനാണെന്ന് താൻ ആരോപിക്കുന്ന മറെറതെങ്കിലും ആളെ, ചാർജ്ജിന്റെ ഹീയറിങ്ങിന് നിശ്ചയിച്ചിട്ടുള്ള സമയത്ത്, കോടതി മുമ്പാകെ വരുത്തുന്നതിനുള്ള തന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പ്രാസിക്യൂട്ടർക്ക് മൂന്ന് മുഴുവൻ ദിവസത്തിൽ കുറയാത്ത ലിഖിതമായ നോട്ടീസ് കൊടുക്കുന്നതിൻമേലും അപ്രകാരം വരുത്താവുന്നതും, കുററം ചെയ്തതു തെളിയിക്കപ്പെട്ടതിനുശേഷം, അതതു സംഗതിപോലെ, കൈവശക്കാരനോ മാനേജരോ കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം—

(ക) ഈ ആക്ററ് നടപ്പാക്കൽ പ്രാവർത്തികമാക്കാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നും;

(ഖ) തന്റെ സമ്മതമോ മൗനാനുവാദമോ കൂടാതെയാണ്, മുൻപറഞ്ഞ മറേറയാൾ പ്രശ്നത്തിലുള്ള കുററം ചെയ്തതെന്നും,

തെളിയിക്കുന്നുവെങ്കിൽ, ആ മറേറ ആൾ ആ കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നതും, അയാൾ ആ ഫാക്ററിയിലെ കൈവശക്കാരനോ മാനേജരോ ആയിരുന്നാലെന്നപോലെയുള്ള ശിക്ഷയ്ക്ക് അർഹനായിരിക്കുന്നതും, അതതു സംഗതിപോലെ, കൈവശക്കാരനോ മാനേജരോ അങ്ങനെയുള്ള കുററം സംബന്ധിച്ച് ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും ഉത്തരവാദിത്വത്തിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്നതുമാകുന്നു:

എന്നാൽ, മുൻപറഞ്ഞതുപോലെ തെളിയിക്കാൻ മുതിരുന്നതിൽ, അതതു സംഗതിപോലെ, ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ശപഥത്തിൻമേൽ വിസ്തരിക്കപ്പെടാവുന്നതും, അയാളുടെ തെളിവും, താങ്ങായി അയാൾ

വിളിക്കുന്ന ഏതെങ്കിലും സാക്ഷിയുടെ തെളിവും യഥാർത്ഥ കുററക്കാരനാണെന്ന് അയാഠം ആരോപിക്കുന്ന ആഠംക്ക് വേണ്ടിയുള്ള എതിർ വിസ്താരത്തിനും പ്രാസിക്യൂട്ടറാലുള്ള എതിർ വിസ്താരത്തിനു വിധേയമായിരിക്കുന്നതും ആണ്. എന്നുമാത്രവുമല്ല യഥാർത്ഥ കുററക്കാരനാണെന്ന് കൈവശക്കാരനോ മാനേജരോ ആരോപിക്കുന്ന ആളെ ചാർജ്ജിൻെറ ഹീയറിങ്ങിന് നിശ്ചയിച്ചിട്ടുള്ള സമയത്ത്, കോടതി മുമ്പാകെ വരുത്താൻ കഴിയാതിരിക്കുന്നുവെങ്കിൽ, കോടതി ഹീയറിങ്ങ്, അതതു സമയം മൂന്നുമാസക്കാലത്തിൽ കവിയാതെ നീട്ടിവയ്ക്കേണ്ടതും, എന്നിട്ടും മുൻപറഞ്ഞ കാലത്തിൻെറ അവസാനത്തിൽ യഥാർത്ഥ കുററക്കാരനാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള ആളെ കോടതി മുമ്പാകെ വരുത്തുവാൻ കഴിയുന്നില്ലെങ്കിൽ, കോടതി, കൈവശക്കാരനോ മാനേജർക്കോ എതിരായുള്ള ചാർജ് കേഠക്കാനുള്ള നടപടി തുടരേണ്ടതും, കുററം തെളിയിക്കപ്പെടുന്നുവെങ്കിൽ കൈവശക്കാരനേയോ മാനേജരേയോ കുററസ്ഥാപനം ചെയ്യേണ്ടതും ആകുന്നു.

102. ഉത്തരവുകഠം പാസ്സാക്കാനുള്ള കോടതിയുടെ അധികാരം.— (1) ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, ഏതെങ്കിലും ശിക്ഷ നല്കുന്നതിന്നുപുറമേ കോടതിക്ക്, ലിഖിതമായ ഉത്തരവുവഴി, അതിൽ വിനിർദ്ദേശിക്കുന്ന കാലത്തിനുള്ളിൽ, അതു യുക്തമെന്ന് തോന്നുന്നുവെങ്കിലും, അതിലേയ്ക്കുള്ള അപേക്ഷയിൻമേലും കോടതിക്ക് അതതുസമയം ദീർഘിപ്പിക്കാവുന്നതാണ്.

ഏതു കാര്യങ്ങഠം സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടിട്ടുള്ളത്, ആ കാര്യങ്ങഠം പരിഹരിക്കുന്നതിന്ന്, വിനിർദ്ദേശിക്കുന്ന നടപടികഠം എടുക്കുവാൻ അയാളോട് ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവു ചെയ്യുന്നിടത്ത്, അതതു സംഗതിപോലെ, ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ആ കുററം തുടരുന്നതുസംബന്ധിച്ച് കോടതി അനുവദിച്ചിട്ടുള്ള കാലത്തിനുള്ളിലോ ദീർഘിപ്പിച്ചിട്ടുള്ള കാലം വല്ലതുമുണ്ടെങ്കിൽ അതിനുള്ളിലോ ഈ ആക്ററിൻകീഴിൽ ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും, എന്നാൽ അതതു സംഗതിപോലെ, അങ്ങനെയുള്ള കാലമോ ദീർഘിപ്പിച്ച കാലമോ അവസാനിക്കുമ്പോഠം, കോടതിയുടെ ഉത്തരവ് പൂർണ്ണമായും അനുസരിക്കപ്പെട്ടിട്ടില്ലെങ്കിൽ, അതതുസംഗതിപോലെ, കൈവശക്കാരനോ മാനേജരോ തുടർന്ന് കുററം ചെയ്തതായി കരുതപ്പെടുന്നതും, കോടതിക്ക് ആ കുററത്തിന് ആറു മാസത്തോളമാകാവുന്ന തടവുശിക്ഷ അനുഭവിക്കാനോ അല്ലെങ്കിൽ അങ്ങനെ അവസാനിച്ചതിനുശേഷം ആ ഉത്തരവ് അനുസരിക്കപ്പെടാതിരിക്കുന്ന ഏതൊരു ദിവസത്തിനും നൂറു രൂപയോളമാകാവുന്ന പിഴ ഒടുക്കുവാനോ അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള തടവുശിക്ഷ അനുഭവിക്കുകയും മുൻപറഞ്ഞതുപോലെയുള്ള പിഴ ഒടുക്കുകയും രണ്ടും ചെയ്യുവാനോ ഉള്ള ശിക്ഷ വിധിക്കാവുന്നതും ആകുന്നു.

103. നിയോജനം സംബന്ധിച്ച അനുമാനം.— പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയോ മെഷിനറി ചലിച്ചുകൊണ്ടിരിക്കുകയോ ചെയ്യുമ്പോഠം, ആഹാരത്തിനോ വിശ്രമത്തിനോ ഉള്ള ഇടവേളകളിലല്ലാതെ ഏതെങ്കിലും സമയത്ത് ഒരാഠം ഫാക്ററിയിൽ കാണപ്പെടുന്നുവെങ്കിൽ, അയാഠം, വിപരീതമായതു തെളിയിക്കപ്പെടുന്നതുവരെ, ഈ ആക്ററിൻേറയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളുടേയും ആവശ്യങ്ങഠംക്ക്, ആ സമയത്ത് ആ ഫാക്ററിയിൽ നിയോജിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

104. വയസ്സ് സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.— (1) ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ, ഒരാഠം ഒരു നിശ്ചിത വയസ്സിന് താഴെയാ

ണെങ്കിൽ, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം ആവുകയും കോടതിയുടെ അഭിപ്രായത്തിൽ അങ്ങനെയുള്ള ആരം പ്രഥമദൃഷ്ട്യാ അങ്ങനെയുള്ള വയസ്സിനുതാഴെയായിരിക്കുകയും ചെയ്യുമ്പോരം അങ്ങനെയുള്ള ആരം, അങ്ങനെയുള്ള വയസ്സിന് താഴെയല്ല എന്ന് തെളിയിക്കേണ്ട ഭാരം പ്രതിക്കായിരിക്കുന്നതാണ്.

(2) ഒരു തൊഴിലാളിയെ താൻ നേരിട്ടു പരിശോധിച്ചിട്ടുണ്ടെന്നും, അയാരം പ്രഖ്യാപനത്തിൽ പ്രസ്താവിക്കുന്ന വയസ്സിന് താഴെയാണ് എന്ന് താൻ വിശ്വസിക്കുന്നുവെന്നും ഉള്ള, അയാളെ സംബന്ധിച്ച് ഒരു സർട്ടിഫൈ ചെയ്യുന്ന ഒരു സർജൻെറ ലിഖിതമായ പ്രഖ്യാപനം ഈ ആക്ററിൻേറയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയും ആവശ്യങ്ങരംക്ക് ആ തൊഴിലാളിയുടെ വയസ്സിൻെറ തെളിവായി സ്വീകരിക്കപ്പെടുന്നതാകുന്നു.

105. കുററങ്ങരം നടപടിക്കെടുക്കൽ.—(1) യാതൊരു കോടതിയും ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം ഇൻസ്പെക്ററുടേതോ, ഇൻസ്പെക്ററുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയതോ ആയ ലിഖിതമായ പരാതിയിൻമേൽ, അല്ലാതെ നടപടിക്കെടുക്കുവാൻ പാടുള്ളതല്ല.

(2) പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാംക്ലാസ്സ് മജിസ്ട്രേററിൻേറയോ കോടതിയുടെ താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ കീഴിൽ ശിക്ഷിപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

106. പ്രാസിക്യൂഷനുകരംക്കുള്ള കാലഹരണം.—യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അതിനെക്കുറിച്ചുള്ള പരാതി പറയപ്പെടുന്ന കുററം ചെയ്യൽ ഇൻസ്പെക്ററുടെ അറിവിൽവന്ന തീയതിയുടെ മൂന്നുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം, നടപടിക്കെടുക്കാൻ പാടുള്ളതല്ല.

എന്നാൽ, കുററം ഇൻസ്പെക്ററർചെയ്ത ലിഖിതമായ ഉത്തരവ് അനുസരിക്കാതിരിക്കൽ ആയിരിക്കുന്നിടത്ത്, അതിനെക്കുറിച്ചുള്ള പരാതി കുററം ചെയ്തതായി പറയപ്പെടുന്ന തീയതിയുടെ ആറുമാസത്തിനുള്ളിൽ കൊടുക്കാവുന്നതാണ്.

## അദ്ധ്യായം XI

### അനുപൂരകം

107. അപ്പീലുകരം.—(1) ഈ ആക്ററിൻെറ വ്യവസ്ഥകരംക്കുകീഴിൽ ഇൻസ്പെക്ററുടെ ലിഖിതമായ ഉത്തരവു നടത്തപ്പെട്ട ഫാക്ററി മാനേജർക്കോ അല്ലെങ്കിൽ ഫാക്ററിയുടെ കൈവശക്കാരനോ, ഉത്തരവു നടത്തിയതിൻെറ മുപ്പതുദിവസത്തിനുള്ളിൽ, അതിനെതിരായി, നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് അപ്പീൽ ചെയ്യാവുന്നതും, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ഇതിലേക്ക് സ്റേററ് ഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങരംക്ക് വിധേയമായി, ആ ഉത്തരവു സ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ മറിച്ചു വിധിക്കുകയോ ചെയ്യാവുന്നതും ആണ്.

(2) സ്റേററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങരംക്ക് വിധേയമായി, (അസസ്സർമാരുടെ സഹായത്തോടുകൂടി കേരംക്കാൻ പാടില്ലാത്തതരം അപ്പീലുകരം സ്റേററ് ഗവൺമെൻറിന് നിർണ്ണയിക്കാവുന്നതാണ്) അപ്പീൽ അധികാരസ്ഥാനത്തിന് അസസ്സർമാരുടെ സഹായത്തോടുകൂടി

അപ്പീൽ കേഠക്കാവുന്നതും, അപ്പീൽ ഹർജി ആവശ്യപ്പെടുന്നുവെങ്കിൽ അപ്രകാരം കേഠക്കേണ്ടതും, ആ അസസ്സർമാരിൽ ഒരാഠ അപ്പീൽ അധികാരസ്ഥാന ത്താലും മറേറയാഠ നിർണ്ണയിക്കപ്പെടാവുന്നതും ബന്ധപ്പെട്ട വ്യവസായത്തെ പ്രതിനിധാനം ചെയ്യുന്ന നികായത്താലും, നിയമിക്കപ്പെടേണ്ടതുമാകുന്നു:

എന്നാൽ, അപ്പീലിൻെറ ഹീയറിങ്ങിന് നിജപ്പെടുത്തിയ സമയത്തിനുമുൻപ് യാതൊരു അസസ്സറും, അങ്ങനെയുള്ള നികായത്താൽ നിയമിക്കപ്പെടാതിരിക്കു കയോ അല്ലെങ്കിൽ അപ്രകാരം നിയമിക്കപ്പെട്ട അസസ്സർ അങ്ങനെയുള്ള സമയത്ത് ഹീയറിങ്ങിൽ ഹാജരാകാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെ ഹാജരാകാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോദ്ധ്യപ്പെടാത്ത പക്ഷം, അപ്പീലധികാരസ്ഥാനത്തിന് അങ്ങനെയുള്ള അസസ്സറുടെ സഹായം കൂടാതെയോ, അല്ലെങ്കിൽ യുക്തമെന്ന് തോന്നുന്നെങ്കിൽ, യാതൊരു അസസ്സർമാരുടേയും സഹായംകൂടാതേയോ, അപ്പീൽ കേഠക്കാനുള്ള നടപടി തുടരാവുന്നതാണ്.

(3) സ്റേററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങഠക്ക് വിധേയമായും, ഭാഗികമായി അനുസരിക്കുന്നതോ താത്കാലികനടപടികഠ സ്വീകരിക്കുന്നതോ സംബന്ധിച്ച് ഏതെങ്കിലും സംഗതിയിൽ ചുമത്തുന്നതു യുക്തമെന്ന് അപ്പീലധികാരസ്ഥാനത്തിന് തോന്നുന്ന ഉപാധികഠക്ക് വിധേ യമായും, അപ്പീൽ അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അപ്പീൽത്തീരുമാനംവരെ, അപ്പീൽചെയ്യപ്പെട്ട ഉത്തരവ് സസ്പെൻഡ് ചെയ്യാവു ന്നതാണ്.

108. നോട്ടീസുകഠ പ്രദർശിപ്പിക്കുന്നത്.—(1) ഏതെങ്കിലും ഫാക്ററ റിയിൽ പ്രദർശിപ്പിക്കണമെന്ന് ഈ ആക്റേറാ അതിൻകീഴിലോ ആവശ്യപ്പെടുന്ന നോട്ടീസുകഠക്ക് പുറമെ, ഏതൊരു ഫാക്റററിയിലും, ഈ ആക്ററിൻേറയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയും നിർണ്ണയിക്കപ്പെടുന്ന ചുരുക്കങ്ങഠ അടങ്ങുന്ന നോട്ടീസും കൂടാതെ, ഇൻസ്പെക്ററുടേയും സർട്ടിഫൈ ചെയ്യുന്ന സർജ്ജൻേറയും പേരും മേൽവിലാസവും പ്രദർശിപ്പിക്കേണ്ടതാകുന്നു.

(2) ഒരു ഫാക്റററിയിൽ പ്രദർശിപ്പിക്കണമെന്ന് ഈ ആക്റേറാ അതിൻകീഴിലോ ആവശ്യപ്പെടുന്ന എല്ലാ നോട്ടീസുകളും ഇംഗ്ലീഷിലും, ഫാക്റററിയിലെ ഭൂരിപക്ഷം തൊഴിലാളികഠക്കും മനസ്സിലാകുന്ന ഒരു ഭാഷയിലും ആയിരിക്കേണ്ടതും, അവ ഫാക്റററിയുടെ മുഖ്യ പ്രവേശനദ്വാര ത്തിലോ അതിനടുത്തോ, ശ്രദ്ധയാകർഷിക്കത്തക്കതും സൗകര്യമുള്ളതും ആയ വല്ല സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും, വ്യക്തമായതും വായിക്കാവുന്നതു മായ സ്ഥിതിയിൽ നിലനിറുത്തേണ്ടതുമാകുന്നു.

(3) ചീഫ് ഇൻസ്പെക്ററർക്ക് ഏതെങ്കിലും ഫാക്റററിയിലെ തൊഴി ലാളികളുടെ ആരോഗ്യമോ രക്ഷയോ ക്ഷേമമോ സംബന്ധിച്ച് മറേറതെ ങ്കിലും നോട്ടീസോ ചുമർ പരസ്യമോ ഫാക്റററിയിൽ പ്രദർശിപ്പിക്കേണ്ടതാ ണെന്ന് ഫാക്റററിയുടെ മാനേജർക്ക് നടത്തുന്ന ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടാവുന്നതാണ്.

109. നോട്ടീസുകഠ നടത്തുന്നത്.—സ്റേററ് ഗവൺമെൻറിന്, ഫാക്റററികളുടെ ഉടമസ്ഥൻമാർക്കോ കൈവശക്കാർക്കോ മാനേജർമാർക്കോ ഈ ആക്ററിൻകീഴിലെ നടത്തുന്നതിൻെറ രീതി നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങഠ ഉണ്ടാക്കാവുന്നതാണ്.

110. റിട്ടേണുകഠ.—സ്റേററ് ഗവൺമെൻറിന്, അതിൻെറ അഭിപ്രായ ത്തിൽ ഈ ആക്ററിൻെറ ആവശ്യങ്ങഠക്ക് വേണ്ടതായ, അപ്പപ്പോഠ ഉള്ളതോ ആനുകാലികമായതോ ആയ റിട്ടേണുകഠ സമർപ്പിക്കാൻ ഫാക്റററികളുടെ

ഉടമസ്ഥൻമാരോടോ കൈവശക്കാരോടോ മാനേജർമാരോടോ ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

111. <u>തൊഴിലാളികളുടെ കടപ്പാടുകൾ</u>.—(1) ഫാക്ടറിയിലെ യാതൊരു തൊഴിലാളിയും—

(ക) ഒരു ഫാക്ടറിയിൽ, അതിലെ തൊഴിലാളികളുടെ ആരോഗ്യമോ രക്ഷയോ ക്ഷേമമോ ഉറപ്പുവരുത്തുന്ന ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉപകരണത്തിലോ സൗകര്യത്തിലോ മററു സാധനങ്ങളിലോ മനഃപൂർവ്വം കൈകടത്തുകയോ അവ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുകയും;

(ഖ) തനിക്കോ മററുള്ളവർക്കോ അപായം ഉളവാക്കാനിടയുള്ള ഏതെങ്കിലും മനഃപൂർവ്വവും ന്യായമായ കാരണംകൂടാതേയും ചെയ്യുകയും;

(ഗ) ഒരു ഫാക്ടറിയിൽ അതിലെ തൊഴിലാളികളുടെ ആരോഗ്യമോ രക്ഷയോ ഉറപ്പുവരുത്തുന്ന ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഉപകരണമോ മററു സാധനമോ ഉപയോഗിക്കാൻ മനഃപൂർവ്വം ഉപേക്ഷ വരുത്തുകയും;

ചെയ്യാൻ പാടുള്ളതല്ല.

(2) ഒരു ഫാക്ടറിയിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളി, ഈ വകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ, ഉത്തരവോ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാൾ മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ നൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

112. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള സാമാന്യാധികാരം</u>.—സ്റേററ് ഗവൺമെൻറിന് ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതിൻെറയെങ്കിലും കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ അല്ലെങ്കിൽ ഈ ആക്ററിൻെറ ആവശ്യങ്ങൾ ഫലത്തിൽ വരുത്തുന്നതിന് സമീചീനമാണെന്ന് പരിഗണിക്കപ്പെടുന്നതോ ആയ ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

113. <u>നിർദ്ദേശങ്ങൾ കൊടുക്കാനുള്ള കേന്ദ്രത്തിൻെറ അധികാരങ്ങൾ</u>.—കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സ്റേററ് ഗവൺമെൻറിന് നിദേശങ്ങൾ കൊടുക്കാവുന്നതാണ്.

114. <u>സൗകര്യങ്ങൾക്ക് ചാർജ്ജില്ലെന്ന്</u>.—46–ാം വകുപ്പിൻെറ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് കീഴിൽ കൈവശക്കാരൻ ഏർപ്പെടുത്തേണ്ട ഏതെങ്കിലും ഏർപ്പാടുകൾക്കോ സൗകര്യങ്ങൾക്കോ അല്ലെങ്കിൽ നല്കേണ്ട ഏതെങ്കിലും കോപ്പുകൾക്കോ ഉപകരണങ്ങൾക്കോ ഏതെങ്കിലും തൊഴിലാളിയിൽനിന്ന് യാതൊരു ഫീസും അല്ലെങ്കിൽ ചാർജ്ജും വസൂലാക്കാൻ പാടുള്ളതല്ല.

115. <u>ചട്ടങ്ങളുടെ പ്രസിദ്ധീകരണം</u>.—ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതും, സാമാന്യ ഖണ്ഡങ്ങൾ ആക്ററ്, 1897 (1897-ലെ 10) 23-ാം വകുപ്പ് (3)-ാം ഖണ്ഡത്തിൻകീഴിൽ വിനിർദ്ദേശിക്കേണ്ട തീയതി നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളുടെ കരട് പ്രസിദ്ധപ്പെടുത്തിയ തീയതിമുതൽ മൂന്നുമാസത്തിനപ്പുറമായിരിക്കേണ്ടതും ആകുന്നു.

116. ഗവൺമെൻറിൻെറ ഫാക്ററികൾക്ക് ആക്ററ് ബാധകമാകുന്നത്.—മററുവിധത്തിൽ വ്യവസ്ഥചെയ്യാത്തപക്ഷം, ഈ ആക്ററ് കേന്ദ്രഗവൺമെൻറിൻേറയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ വകയായ ഫാക്ററികൾക്ക് ബാധകമാകുന്നതാണ്.

117. ഈ ആക്ററിൻകീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്കുള്ള സംരക്ഷണം.—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെങ്കിലും, ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

118. വിവരം വെളിപ്പെടുത്തുന്നതിനുള്ള നിയന്ത്രണം.—(1) യാതൊരു ഇൻസ്പെക്ടററും നിർമ്മാണപരമോ വാണിജ്യപരമോ ആയ ഏതെങ്കിലും ബിസിനസ്സോ ഏതെങ്കിലും പ്രവർത്തനപ്രക്രിയയോ സംബന്ധിച്ച് തൻെറ ഔദ്യോഗികകർത്തവ്യങ്ങൾക്കിടയിൽ തൻെറ അറിവിൽ വരുന്ന ഏതെങ്കിലും വിവരം, സേവനത്തിൽ ആയിരിക്കുമ്പോഴോ സേവനത്തിൽനിന്ന് വിട്ടതിനുശേഷമോ ഈ ആക്ററ് നടപ്പാക്കുന്നതു സംബന്ധിച്ചോ ആക്ററിൻെറ ആവശ്യങ്ങൾക്കായോ അല്ലാതെ, വെളിപ്പെടുത്താൻ പാടുള്ളതല്ല.

(2) (1)–ാം ഉപവകുപ്പിലെ യാതൊന്നും, അങ്ങനെയുള്ള ബിസിനസ്സിൻേറയോ പ്രക്രിയയുടേയോ ഉടമസ്ഥൻെറ ലിഖിതമായ മുൻ സമ്മതത്തോടുകൂടി ചെയ്യുന്നതോ, അല്ലെങ്കിൽ ഈ ആക്ററിന് അനുസൃതമായ (മാദ്ധ്യസ്ഥ്യം ഉൾപ്പെടെയുള്ള) ഏതെങ്കിലും നിയമ നടപടിയുടേയോ ഈ ആക്ററിന് അനുസൃതമായോ അല്ലാതെയോ എടുക്കുന്ന ഏതെങ്കിലും ക്രിമിനൽ നടപടിയുടേയോ, ആവശ്യങ്ങൾക്കുള്ളതോ അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള നടപടികളുടെ ഏതെങ്കിലും റിപ്പോർട്ടിൻെറ ആവശ്യങ്ങൾക്കുള്ളതോ ആയ ഏതെങ്കിലും വിവരം വെളിപ്പെടുത്തലിന് ബാധകമാകുന്നതല്ല.

(3) ഏതെങ്കിലും ഇൻസ്പെക്ടറർ, (1)–ാം ഉപവകുപ്പിലെ വ്യവസ്ഥ കൾ ഉല്ലംഘിക്കുന്നുവെങ്കിൽ അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ ആയിരംരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

119. (1938–ലെ 26–ാം ആക്ററ് 3–ാം വകുപ്പിൻെറ ഭേദഗതി) ഭേദഗതിയും റദ്ദാക്കലും ആക്ററ്, 1950 (1950–ലെ 35) വകുപ്പ് 2–ം പട്ടിക 1–നാലും റദ്ദാക്കപ്പെട്ടു.

120. റദ്ദാക്കലും ഒഴിവാക്കലും.—ഈ വകുപ്പിന് അനുബന്ധമാക്കിയിരിക്കുന്ന അനുസൂചികയിൽ പറഞ്ഞിട്ടുള്ള അധിനിയമങ്ങൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ, മുൻപറഞ്ഞ അധിനിയമങ്ങൾക്ക് കീഴിൽ ചെയ്യപ്പെട്ടിട്ടുള്ളതും ഈ ആക്ററ് അപ്പോൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നുവെങ്കിൽ അതിൻകീഴിൽ ചെയ്യാൻ കഴിയുമായിരുന്നതുമായ എന്തെങ്കിലും ഈ ആക്ററിൻകീഴിൽ ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

അനുസൂചിക.—(റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) ഭേദഗതിയും റദ്ദാക്കലും ആക്ററ്, 1950 (1950–ലെ 35) വകുപ്പ് 2–ം പട്ടിക 1–നാലും റദ്ദാക്കപ്പെട്ടു.

## പട്ടിക

(89–ം, 90–ം വകുപ്പുകഠം നോക്കുക)

നോട്ടീസ് കൊടുക്കേണ്ട രോഗങ്ങളുടെ ലിസ്ററ്

1. ഏതെങ്കിലും ഈയക്കൂട്ടോ യൗഗികമോ ഉഠംപ്പെടെയുള്ള ഈയവിഷബാധയോ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

2. ലെഡ് ടെട്രാ–ഏഥിൽ വിഷബാധ.

3. ഫാസ്ഫറസ് വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

4. മെർക്കുറി വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

5. മാൻഗനീസ് വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

6 ആഴ്സനിക് വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

7. നൈട്രസ് ധൂമംകൊണ്ടുള്ള വിഷബാധ.

8. കാർബൺഡൈ സൽഫയിഡ് വിഷബാധ.

9. ബെൻസീനിന്റെ ഏതെങ്കിലും സജാതീയങ്ങളാലോ, അല്ലെങ്കിൽ അവയുടെ നൈട്രോ വ്യുൽപന്നങ്ങളാലോ അമിഡോ വ്യുൽപന്നങ്ങളാലോ ഉള്ള വിഷബാധ ഉഠംപ്പെടെയുള്ള ബെൻസീൻ വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

10. ക്രോം അഠംസറേഷൻ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.

11. ആൻത്രാക്സ്.

12. സിലിക്കോസിസ്.

13. ഹാലോജനുകളാലോ അല്ലെങ്കിൽ അലിഫാററിക് പരമ്പരയിലുള്ള ഹൈഡ്രോകാർബണുകളുടെ ഹാലോജൻ വ്യുത്പന്നങ്ങളാലോ ഉള്ള വിഷബാധ.

14. (ക) റേഡിയം അല്ലെങ്കിൽ മററു റേഡിയോ ആക്ററീവ് പദാർത്ഥങ്ങളോ,

(ഖ) എക്സ്റേകളോ,

കാരണമായി ഉണ്ടാകുന്ന രോഗവിജ്ഞാനീയ ലക്ഷണങ്ങഠം.

15. ചർമ്മത്തിന്റെ പ്രൈമറി എപ്പിത്തെലിയോ മാററസ് കാൻസർ.

16. ടാക്സിക് അനീമിയാ.

17. വിഷപദാർത്ഥങ്ങഠംമൂലമുള്ള ടാക്സിക്ജാണ്ടിസ്.